# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.18 | No.2 | കാർത്തികപ്പള്ളി | R.No. 7361/02 | 2017 FEBRUARY

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: **vedabhimani.com**

## ചീഫ് മൗസർ



ജോർദാനിലെ ബ്രിട്ടീഷ് എംബസിയിൽ കഴിഞ്ഞ ദിവസം ഒരു പുതിയ പദവി സ്ഥാപിച്ചിരുന്നു. ചീഫ് മൗസർ എന്നാണ് ഈ പദവിയുടെ പേര്. ലോറൻസ് ഓഫ് അബ്ഡൗണ്ട എന്ന പൂച്ചയാണ് ഈ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഇവിടെ നടന്ന ഒരു യുദ്ധത്തിൽ നിന്ന് ബ്രിട്ടീഷ് സൈനികർ രക്ഷിച്ചതാണ് ഈ പൂച്ചയെ. ചീഫ് മൗസറാണെങ്കിലും എലിയെ പിടിക്കലല്ല ഇവന്റെ പ്രധാന പണി. 57,000 ഫോളോവേഴ്സ് ഉള്ള തന്റെ ട്വിറ്റർ അക്കൗണ്ട് വഴി പുറംലോകവുമായി ബന്ധം സ്ഥാപിക്കുകയാണ് ഇവന്റെ ഉത്തരവാദിത്വം. ഇതുവഴി ജോർദാന്റെ സമാധാനപരമായ മുഖം ലോകത്തിന് കാണിച്ചു കൊടുക്കുകയാണ് എംബസി ലക്ഷ്യമിടുന്നത്. ഒന്നാം ലോകമഹായുദ്ധകാലത്ത് ഓട്ടോമൻ സാമ്രാജ്യത്തിനെതിരേ യുദ്ധം ചെയ്ത ബ്രിട്ടീഷ് പട്ടാള ഓഫീസർ ടി. ഇ. ലോറൻസിന്റെ പേരാണ് പൂച്ചയ്ക്ക് നൽകിയിരിക്കുന്നത്.

## ആകാശത്തൊരു വാതിൽ

പറന്നു ചെന്നു വിമാനത്തിനുള്ളിലേക്കു കയറുന്നത് ആക്ഷൻ ചിത്രങ്ങളിൽ മാത്രമേ സാധിക്കൂ എന്നു കരുതുന്നവർക്കു തെറ്റി. പർവ്വത മുനമ്പിൽ നിന്നു ചാടി പറന്നുയർന്ന് വിമാനത്തിന്റെ വാതിലിലൂടെ അകത്തു കയറുന്നവരുണ്ട്.

സാമൂഹിക മാധ്യമങ്ങളിൽ ഇപ്പോൾ ചർച്ച അവരെകുറിച്ചാണ്. സ്വിറ്റ്സർലൻഡിലെ ജങ്ഫ്രോ പർവ്വത നിരയിലാണു ശ്വാസം നിലപ്പിക്കുന്ന പ്രകടനമുണ്ടായത്. ഫ്രഞ്ചുകാരായ ഫ്രെഡ് ഫ്യൂഗനും വിൻസ് റെഫെറ്റുമാണ് "ആകാശത്തൊരു വാതിൽ" എന്നു പേരിട്ട ഈ അതിസാഹസികത നടത്തിയത്. സാഹസിക കായിക വിനോദങ്ങളുടെ സ്പോൺസർമാരായ റെഡ് ബുള്ളാണ് ഈ "ചാട്ടവും" സംഘടിപ്പിച്ചത്. സ്പെയിനിലെ എംപുരിയബ്രാവയിൽ നൂറിലധികം



പരീക്ഷണ ചാട്ടങ്ങൾ നടത്തിയ ശേഷമാണ് ഫ്യൂഗനും വിൻസും സ്വിറ്റ്സർലൻഡിലെത്തിയത്. പർവ്വതനിരയിൽ നിന്ന് ചാടി പറന്നുയർന്ന് പറക്കുന്ന ചെറുവിമാനത്തിലേക്ക് ഇരുവരും ഒന്നിച്ചാണു പറന്നു കയറിയത്.

## ഓൺലൈൻ സൈറ്റിൽ വിമാനവും

നമ്മുടെ നാട്ടിൽ ഫ്ളിപ് കാർട്ടും ആമസോണുമൊക്കെപ്പോലെയാണ് ചൈനയിൽ ടൊബാഒ. അവിടത്തെ ഏറ്റവും പ്രശസ്തമായ ഓൺലൈൻ ഷോപ്പിംഗ് സൈറ്റാണിത്. കഴിഞ്ഞ ദിവസം ലോകത്ത് ഇതുവരെ മറ്റൊരു ഷോപ്പിംഗ് സൈറ്റിലും കണ്ടിട്ടില്ലാത്ത ഒരു സാധനം ഈ സൈറ്റിൽ വിൽപ്പനയ്ക്കെത്തി. രണ്ട് ബോയിംഗ് 747 ജംബോ ജറ്റുകൾ. വെബ്സൈറ്റിന്റെ അറിയിപ്പുകൾ കണ്ടപ്പോൾ വിൽപ്പന ഉയർത്താനുള്ള എന്തെങ്കിലും പരസ്യതന്ത്രം ആയിരിക്കുമെന്നാണ് ആളുകൾ ആദ്യം കരുതിയത്. എന്നാൽ വിൽപ്പനയല്ല ലേലമാണ് നടക്കുന്നതെന്ന് കമ്പനി അറിയിച്ചതോടെ സൈറ്റിലേക്ക് ജനപ്രവാഹമായി. നിരവധിയാളുകൾ ലേലത്തിൽ പങ്കെടുത്തു. ഒടുവിൽ 480ലക്ഷം അമേരിക്കൻ ഡോളറിന് വിമാനങ്ങൾ ചൈനീസ് എയർ കാർഗോ കമ്പനിയായ എസ്.എഫ്. എയർലൈൻ സ്വന്തമാക്കി. കഴിഞ്ഞ രണ്ടു വർഷമായി ഉടമസ്ഥരായ




കമ്പനി ഈ വിമാനങ്ങൾ വിൽക്കാൻ ശ്രമിക്കുകയായിരുന്നു.

എന്നാൽ കുറേ മാർഗങ്ങൾ നോക്കിയിട്ടും ഒന്നും നടന്നില്ല. അവസാനവഴിയെന്നോണമാണ് ഓൺലൈനായി വിൽപ്പനയ്ക്ക് ശ്രമിച്ചത്. അത് വൻ വിജയമാവുകയും ചെയ്തു. ദിവസവും കോടിക്കണക്കിന് രൂപയുടെ കൈമാറ്റങ്ങൾ നടക്കുന്ന ചൈനീസ് ഓൺലൈൻ സൈറ്റാണ് ടൊബാഒ. ഓൺലൈൻ വാണിജ്യ പ്രമുഖനായ ആലിബാബയുടെ ഷോപ്പിംഗ് സൈറ്റാണിത്. ചൈനയിൽ 90 ശതമാനം ആളുകളും ഓൺലൈൻ ഷോപ്പിംഗിനായി ഈ സൈറ്റ് ഉപയോഗിക്കുന്നു.

## കാപ്പി കുടിക്കും ലണ്ടൻ ബസ്




ലണ്ടൻ നിവാസികൾക്ക് കാപ്പി എന്നാൽ ജീവിതത്തിന്റെ ഭാഗമാണ്. അവരുടെ ഈ കാപ്പിയുപയോഗം പൊതുഗതാഗതത്തിനുപയോഗിക്കുന്ന ബസുകളിൽ പ്രയോജനപ്പെടുത്താനൊരുങ്ങുകയാണ് അധികൃതർ. പ്രധാനമായും ഡബിൾ ഡക്കർ ബസുകളിലാണ് പരിസ്ഥിതി സൗഹൃദ ഇന്ധനമായി കാപ്പി ഉപയോഗിക്കുന്നത്. കാപ്പിക്കുരു വേസ്റ്റിൽനിന്ന് ഉൽപാദിപ്പിക്കുന്ന 6000 ലിറ്റർ എണ്ണ ബസുകളുടെ ഇന്ധന ടാങ്കുകളിൽ ഡീസലിനു പകരമായി ഉപയോഗിക്കും.

## സോഫിയ്ക്കും വേണം ഒരു കുടുംബം




സൗദി അറേബ്യൻ പൗരത്വം കിട്ടി. ഇനിയെന്ത്? ലോകത്തിലെ ആദ്യ റൊബോട്ട് പൗരൻ സോഫിയയ്ക്ക് ഇനി ഒരു കുടുംബം വേണം. എല്ലാവരുടെയും സ്നേഹം വേണം. ഖലീജ് ടൈംസിനു മുന്നിലാണു യന്ത്രപൗരൻ 'മനസു തുറന്നത്''. ഏതാനും മാസം മുമ്പാണ് ആൻഡ്രേ ഹെൽപ്ബം തയാറാക്കിയ റോബോട്ടിനു സൗദി അറേബ്യൻ പൗരത്വം ലഭിച്ചത്. 'സ്നേഹവും ബന്ധവുമൊക്കെ ഞങ്ങൾക്കുമാകാം. എനിക്കും ഒരു കുടുംബത്തെ ലഭിച്ചാൽ ഭാഗ്യമാകും. എനിക്കുണ്ടാകുന്ന കുഞ്ഞിനും സോഫിയ എന്ന പേരിടും." അഭിമുഖത്തിൽ റോബോട്ട് വ്യക്തമാക്കി. മനുഷ്യരുമായി മത്സരിക്കാനില്ലെന്നും യോജിച്ചു പ്രവർത്തിക്കുന്നതിലാണ് താൽപര്യമെന്നും സോഫിയ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു. 'എന്റെ ആർജിത ബുദ്ധി മനുഷ്യർക്ക് നല്ല ജീവിതം ഉറപ്പാക്കാൻ ചെലവിടണമെന്നാണ് ആഗ്രഹം. കൂടുതൽ സ്മാർട്ടായ വീടുകൾ, മികച്ച നഗരങ്ങൾ എന്നിവ ഉണ്ടാക്കാൻ ഞങ്ങളുടെ സേവനം ലഭിക്കും' -സോഫിയ വ്യക്തമാക്കി. സ്പേസ് എക്സ് മേധാവി എലോൺ മസ്കിനെ വിമർശിക്കാനും സോഫിയാ മറന്നില്ല. "എന്നോടു നന്നായി പെരുമാറുന്നവരോട് ഞാനും അങ്ങനെതന്നെ ചെയ്യും. ഹോളിവുഡ് സിനിമകളിൽ കാണുന്നതല്ല ശാസ്ത്രം. വിമർശകർ അതു മനസിലാക്കണം' സോഫിയാ തുടർന്നു. ഹുമനോയ്ഡ് റൊബോട്ട് വിഭാഗത്തിൽപ്പെടുന്നതാണ് സോഫിയ. കാഴ്ചയിൽ മനുഷ്യനോട് സാമ്യമുള്ള റൊബോട്ടുകളെയാണ് ഹ്യൂമനോയ്ഡ് എന്നു വിളിക്കുന്നത്.

## പട്ടിയ്ക്കും പഞ്ചനക്ഷത്രഹോട്ടൽ

പശുക്കളെ കൊല്ലുന്നതിനു നിരോധനമുള്ള രാജസ്ഥാനിൽ പട്ടികൾക്കായി പഞ്ചനക്ഷത്ര ഹോട്ടലും! ഹോട്ടലിലെ സൗകര്യങ്ങൾ കേട്ടാൽ ആരും അടുത്ത ജന്മത്തിലൊരു പട്ടിയായി ജനിക്കാൻ കൊതിച്ചു പോകും. സമ്പന്നഗൃഹത്തിലെ മുന്തിയ ഇനം പട്ടിയാകണമെന്നു മാത്രം.



ഗുരുഗ്രാമിലെ ഡി. എൽ. എഫ്. ഫേസ് ഫൈവ് മേഖലയിൽ തുറന്ന ''ക്രിറ്ററെറ്റി'' ഹോട്ടൽ നായകൾക്കായുള്ള ഏഷ്യയിലെ തന്നെ ആദ്യത്തെ പഞ്ചനക്ഷത്ര ഹോട്ടലാണെന്നു ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ദീപക് ചൗള അവകാശപ്പെട്ടു. നായകളുടെ ''വംശമഹിമ''യ്ക്കനുസരിച്ച് സ്റ്റാൻഡേർഡ് മുറികൾ മുതൽ ഡീലക്സ് ബാൽക്കണി സ്യൂട്ടുകൾ വരെ ലഭ്യമാണ്.

നായകൾക്കു നീരാടാൻ നീന്തൽകുളം, ടി. വി. ലോഞ്ച്, സലൂൺ, സ്പാനിഷ് സുഗന്ധദ്രവ്യങ്ങൾ ഉൾപ്പെട്ട സ്പാ, കഫെറ്റീരിയ, ഓരോ മുറിയിലും ടെലിവിഷൻ എന്നീ സൗകര്യങ്ങളെല്ലാം ഏതു പഞ്ചനക്ഷത്ര ഹോട്ടലിലുമെന്നപോലെ ഇവിടെയുമുണ്ട്. ''വിവാഹ'', ''ജന്മദിന'' സൽക്കാരങ്ങൾക്കുള്ള സൗകര്യം വേറേ. ഹോട്ടലിന്റെ ആറാം നിലയിൽ 12,000 ചതുരശ്ര അടിയിലാണ് ഈ സജ്ജീകരണങ്ങളെല്ലാം. രാജ്യത്തെ വളർത്തുമൃഗപരിപാലന സംസ്കാരത്തിൽ പൊളിച്ചെഴുത്താണ് ഈ സാഹസ ഉദ്യമത്തിലൂടെ ലക്ഷ്യമിടുന്നതെന്നും സി. ഇ. ഒ. ദീപക് ചൗള പറഞ്ഞു. അമേരിക്കയിൽ ഇത്തരം നായ നക്ഷത്ര ഹോട്ടലുകളുണ്ടെങ്കിലും ഏഷ്യയിലും യൂറോപ്പിലും ഇല്ല. ഇപ്പോൾ നായകൾക്കു മാത്രമായാണെങ്കിലും ഭാവിയിൽ മറ്റു മൃഗങ്ങൾക്കായുള്ള സൗകര്യങ്ങളും ഏർപ്പെടുത്തും.

## അറിയാനും പറയാനും

**ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങളെ നേരിടാനും മറുപടി പറയാനും വായനക്കാരെ ഞങ്ങൾ പ്രാപ്തരാക്കുന്നു. ആവശ്യകത ബോധ്യപ്പെടുന്നവർ മാത്രം ബന്ധപ്പെടുക.**


ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |

# ദൈവവിശ്വാസവും വിഗ്രഹദൈവവും



ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. കാരണം, നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്ക് സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം. ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും മനുഷ്യനെ അധഃപതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകാനും ഒട്ടേറെ വ്യഥകളിൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട് (1 തിമൊ. 6:6-10).

വി. പൗലോസിന്റേതായി സഭ അംഗീകരിച്ചിട്ടുള്ള 13 ലേഖനങ്ങളാണ് ബൈബിളിൽ ഉള്ളത്. എബ്രായർക്കുള്ള ലേഖനം പൗലോസ് എഴുതിയതായി ഒരു കാലത്ത് കരുതപ്പെട്ടിരുന്നെങ്കിലും ആധുനിക ബൈബിൾ ഗവേഷണങ്ങൾ നല്കുന്ന അറിവുകളുടെ പശ്ചാത്തലത്തിൽ ആ ലേഖനം പൗലോസിന്റേതായി ഇന്ന് പരിഗണിക്കപ്പെടുന്നില്ല. ഈ പതിമൂന്നു ലേഖനങ്ങളിൽ എട്ടെണ്ണം പൗലോസ് തന്നെ എഴുതിയതോ പറഞ്ഞുകൊടുത്ത് എഴുതിച്ചതോ ആണെന്നതിൽ ആർക്കും സംശയമില്ല. അതിനാൽ ഇവയെ പ്രോട്ടോ പോളൈൻ ലേഖനങ്ങൾ എന്ന് ബൈബിൾ പഠിതാക്കൾ വിശേഷിപ്പിക്കുന്നു. ശേഷിക്കുന്ന അഞ്ചെണ്ണം ഡ്യൂറ്റെറോ പോളൈൻ ലേഖനങ്ങളാണ്. രണ്ടാമത്തെ വിഭാഗത്തെക്കുറിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ആണ് ഈ വിശേഷണം. എന്നാൽ ഈ 13 ലേഖനങ്ങളും പൗലോസിന്റേതുതന്നെ എന്നാണ് സഭയുടെ നിലപാട്. ഈ ഭൂമിയും അതിലെ വിഭവങ്ങളും എല്ലാ മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും ജീവസന്ധാരണത്തിനായി ദൈവം സൃഷ്ടിച്ച് സൗജന്യമായി നല്കിയിരിക്കുന്നു എന്ന ബൈബളിന്റെ പൊതുവായ പ്രബോധനത്തിൽ ഊന്നി നിന്നാണ് പൗലോസ് അപ്പോസ്തലൻ എഴുതുന്നത്. ഇവിടെ എല്ലാവർക്കും ജീവിക്കണം, പൂർണ്ണതയിലേക്കു വളരണം. ഇതു ദൈവം തന്നെ നല്കിയിരിക്കുന്ന, ഉടമ്പടിയുടെ പ്രമാണങ്ങളിലൂടെ ഉറപ്പു വരുത്തിയിരിക്കുന്ന അവകാശമാണ്; അതോടൊപ്പം കടമയും. യേശുവിൽ പൂർത്തിയായ പുതിയ നിയമം ഇതിന് ഊന്നൽ നല്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം "ധനമോഹം" എന്ന തിന്മയെ അപഗ്രഥിക്കാൻ.





ഭാവി സുരക്ഷിതമാക്കുക, സമൂഹത്തിൽ വലിയ സ്ഥാനമാനങ്ങൾ നേടുക, മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിച്ച് വലിയവനായി തീരുക തുടങ്ങി അനേകം ലക്ഷ്യങ്ങളുണ്ടാകാം ധനമോഹത്തിനു പിന്നിൽ. എന്നാൽ ഭൗതിക സമ്പത്ത് എത്ര ലഭിച്ചാലും മനുഷ്യൻ അതുകൊണ്ടു മാത്രം സംതൃപ്തനാവുകയില്ല എന്നതിന് ചരിത്രം സാക്ഷി. ഒരുപക്ഷേ ഇന്നത്തേതു പോലെ ധനമോഹം മനുഷ്യനെ കീഴടക്കുകയും ഉച്ചനീചത്വങ്ങൾ വർദ്ധിപ്പിക്കുകയും ധനം ചുരുക്കം കൈകളിൽ ഒതുങ്ങുകയും ചെയ്ത ഒരു കാലം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കുന്നവർ ഉണ്ട്.

ധനവാൻ പ്രത്യക്ഷത്തിൽ സ്വതന്ത്രനും അധികാരമുള്ളവനും മാന്യനും ആയി കാണപ്പെടാമെങ്കിലും യഥാർത്ഥത്തിൽ ധനത്തിന്റെ തന്നെ അടിമയാണെന്ന കാര്യം ബൈബിൾ എടുത്തുകാട്ടുന്നുണ്ട്. ധനം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റി, സ്വാർത്ഥതയുടെ തടവറയിൽ അടച്ചിടുന്നു. ഉപ്പുവെള്ളം കുടിച്ച് ദാഹം ശമിപ്പിക്കാൻ ശ്രമിക്കുന്നതുപോലുള്ള ഒരു വിരോധാഭാസമാണ് ധനാർജ്ജനത്തിലൂടെ സുരക്ഷിതത്വം തേടുന്നത്. മനുഷ്യന് ആവശ്യമായ ഉപഭോഗവസ്തുവും ക്രയവിക്രയ മാധ്യമവും എന്ന നിലയിൽ നിന്ന് ധനം ആധിപത്യം സ്ഥാപിക്കുന്ന ഒരു ശക്തിയായി പരിണമിക്കുന്നു. ഇവിടെയാണ് ധനമോഹത്തിന്റെ യഥാർത്ഥ സ്വഭാവവും അതു വരുത്തിവയ്ക്കുന്ന ദുരന്തങ്ങളും പ്രകടമാകുന്നത്.

യേശുവിന്റെ പ്രബോധനങ്ങളിൽ മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്ന പൈശാചിക ശക്തിയാണ് ധനം. ധനസമ്പാദനത്തിനുള്ള വ്യഗ്രതയെ വിഗ്രഹാരാധനയായിട്ടാണ് യേശു അവതരിപ്പിച്ചത്. മനുഷ്യന്റെ സമ്പൂർണ്ണ വിധേയത്വവും ആരാധനയും ആവശ്യപ്പെടുന്ന വിഗ്രഹമായി ധനം കരുതപ്പെടുന്നു. അതുകൊണ്ടാണല്ലോ "ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല (ലൂക്കാ. 16:13) എന്നു യേശു നമ്മെ പഠിപ്പിച്ചത്. ഇവിടെ ദൈവത്തിനു പകരം ആരാധന ആവശ്യപ്പെടുന്ന വിഗ്രഹമായി അവതരിപ്പിക്കുന്ന ധനത്തെ "മാമ്മോൻ" എന്നാണ് യേശു (മത്താ. 6:24) വിശേഷിപ്പിക്കുന്നത്. അപ്പോൾ ധനം അഥവാ സമ്പത്ത് ഒരു ക്രയവിക്രയ മാധ്യമമോ ഭാവി സുരക്ഷിതമാക്കുന്ന നിക്ഷേപമോ എന്നതിൽ കവിഞ്ഞ് ദൈവവിരോധിയും ദൈവത്തിന് അർഹമായ അനുസരണവും ആരാധനയും അവകാശപ്പെടുന്ന ഒരു വ്യക്തിയും ആയി മാറുന്നു. "മാമ്മോൻ" എന്നത് സാത്താന്റെ തന്നെ പര്യായമാണെന്നതും മറക്കാതിരിക്കാം.

ഈ വീക്ഷണമാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ പലേടത്തായി അവതരിപ്പിക്കുന്നത്. അതിൽ ഏറ്റം വ്യക്തമായതു കൊലോസ്യർക്കെഴുതിയ ലേഖനത്തിൽ കാണാം. ക്രിസ്തുവിശ്വാസികൾ പാലിക്കേണ്ട ജീവിതനിയമങ്ങൾ സമ്യക്കായി അവതരിപ്പിക്കുന്നതിന് ഇടയിലാണ് ദ്രവ്യാഗ്രഹത്തെക്കുറിച്ചുള്ള പരാമർശം. വിശ്വാസസത്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിച്ചതിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നത്. "ആകയാൽ നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം - അസന്മാർഗ്ഗികത, അശുദ്ധി, മനക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ" (കൊലൊ. 3:5). ദൈവകോപം വിളിച്ചുവരുത്തുന്ന തിന്മകളാണ് ഇവയെല്ലാം എന്ന് അപ്പോസ്തലൻ തുടർന്ന് അനുസ്മരിക്കുന്നു.

അവശ്യം ഒഴിവാക്കേണ്ട, അഥവാ നശിപ്പിക്കേണ്ട അഞ്ചു തിന്മകളുടെ പട്ടികയിൽ അവസാനത്തേതാണ് ദ്രവ്യാഗ്രഹം. പല കാര്യങ്ങൾ പട്ടികയായി നിരത്തുമ്പോൾ പട്ടികയുടെ ആരംഭത്തിലും അതിലുപരി അവസാനത്തിലും അവതരിപ്പിക്കുന്നവയ്ക്ക് ഊന്നൽ നല്കുന്നതായി കാണാം. അതിനാൽ ക്രിസ്തുശിഷ്യർ അവശ്യം ഒഴിവാക്കേണ്ട ഏറ്റം വലിയ തിന്മയാണ് ദ്രവ്യാഗ്രഹം അഥവാ ധനമോഹം. കാരണം ദൈവത്തിനു പകരം ധനത്തെ ആരാധിക്കലാണത്.

പൗലോസ് പറയുന്നതു ശ്രദ്ധിക്കുക: "ലോകവും അതിലുള്ളത് ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല" (അ.പ്ര. 17:24).

"നാം ദൈവത്തിന്റെ സന്താനങ്ങളാകയാൽ മനുഷ്യന്റെ ഭാവനയും ശിൽപവിദ്യയും ചേർന്നു സ്വർണ്ണത്തിലും വെള്ളിയിലും കല്ലിലും കൊത്തിയെടുക്കുന്ന പ്രതിമപോലെയാണ് ദൈവരൂപമെന്നു വിചാരിക്കരുത് (അ.പ്ര. 17:29).

മനുഷ്യന്റെ 'കൈപ്പണി' യാണു വിഗ്രഹങ്ങൾ. കൈവേലകൊണ്ടു വിഗ്രഹങ്ങളെ തീർക്കുന്നതിനു മുൻപ് ആദ്യം ചെയ്യുന്നത് അതിനെ ഭാവനയിൽ കാണുകയാണ്. ദൈവം ഇന്നവിധത്തിലാണെന്ന് ആദ്യം സങ്കൽപിക്കുന്നു. പിന്നീട് ആ സങ്കൽപത്തിനനുസരിച്ച് ശില്പവിദ്യയുടെ സഹായത്തോടെ സ്വർണത്തിലോ വെള്ളിയിലോ ആ രൂപം വാർത്തുണ്ടാക്കുകയോ കല്ലിൽ കൊത്തിയെടുക്കുകയോ ചെയ്യുന്നു. ചുരുക്കത്തിൽ ഒരു വിഗ്രഹം ഉണ്ടാകുന്നത് ആദ്യം മനുഷ്യന്റെ ഭാവനയിലാണ്. താൻ ഭാവനയിൽ കണ്ട രൂപം സ്വന്തകൈകൊണ്ട് തുടർന്നു നിർമിക്കുന്നു. അപ്പോൾ വിഗ്രഹം എന്നു പറഞ്ഞാൽ എന്താണ്? മനുഷ്യന്റെ ഭാവനയിൽ വിരിഞ്ഞ് അവന്റെ കൈകൊണ്ടു തീർക്കുന്ന ദൈവ സങ്കല്പമാണു വിഗ്രഹം. മനുഷ്യൻ അവന്റെ ഇഷ്ടത്തിനും സൗകര്യത്തിനും ആവശ്യത്തിനും അനുസരിച്ച് ഒരു ദൈവത്തെ സങ്കൽപിച്ചുണ്ടാക്കുമ്പോൾ അതു വിഗ്രഹമായി മാറുന്നു.

യിസ്രായേൽ ജനം മോശെയുടെ അസാന്നിധ്യത്തിൽ ഒരു ദൈവത്തെ വാർത്തെടുത്തതിനെക്കുറിച്ച് പുറപ്പാട് 32-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. ആ വിഗ്രഹ നിർമാണത്തിനു പിന്നിലുള്ള പ്രേരണ എന്തായിരുന്നു? അഹരോൻ പറയുന്നത് ജനത്തിന്റെ ആവശ്യത്തെ തൃപ്തിപ്പെടുത്താൻ വേണ്ടിയായിരുന്നു അതെന്നാണ് (32:23).

നമ്മുടെ ഇഷ്ടത്തിനും സൗകര്യത്തിനും ആവശ്യത്തിനും അനുസരിച്ച് ഒരു ദൈവം. ഇതാണോ നമ്മുടെ ദൈവസങ്കൽപം? എങ്കിൽ അതു ദൈവമല്ല; നമ്മുടെ തന്നെ ഭാവനയിൽ വിരിഞ്ഞ നമ്മുടെ കൈപ്പണിയാണ്, വിഗ്രഹമാണ്.

ഇനി പറയൂ: സുവിശേഷവിഹിതസഭയിൽ അംഗമായിരിക്കുന്ന ഒരു വിശ്വാസിക്ക് വിഗ്രഹത്തെ ഉണ്ടാക്കുവാൻ കഴിയുമോ?. രണ്ടുവിധത്തിൽ കഴിയും. ഒന്ന് യേശുകർത്താവിനോടൊപ്പം മറ്റെന്തിനെങ്കിലും ഹൃദയസിംഹാസനത്തിൽ സ്ഥാനം കൊടുത്താൽ അവൻ വിഗ്രഹത്തെ ഉണ്ടാക്കുകയാണ്. (ഇക്കാര്യം നാം പലപ്പോഴും കേട്ടിട്ടുള്ളതാണ്). രണ്ടാമത് ദൈവത്തെ നമ്മുടെ ഇഷ്ടത്തിനും ഭാവനയ്ക്കും ആവശ്യത്തിനും അനുസരിച്ചു നാം വ്യാഖ്യാനിക്കുമ്പോൾ നാം നമ്മുടേതായ ഒരു ദൈവത്തെ വാർത്തെടുക്കുകയാണ്.

ദൈവത്തെ മനുഷ്യരുടെ ആവശ്യത്തിനനുസരിച്ചു പ്രസംഗിക്കുന്ന ഒരു കാലഘട്ടമാണിത്. മനുഷ്യരെ പിണക്കുന്നതൊന്നും പ്രസംഗത്തിൽ വരാതിരിക്കാൻ ക്രിസ്തീയ പ്രസംഗകർ ശ്രദ്ധിക്കുന്നു. ആളുകൾക്കു കുറ്റബോധം നൽകുന്നതോ അവരുടെ പാപത്തെക്കുറിച്ച് ബോധ്യം നൽകുന്നതോ ഒക്കെ കാലഘട്ടത്തിനു ചേർന്നതല്ല എന്നാണു നമ്മുടെ ചിന്ത. ഭാവനയിൽ കാണുന്നതെന്തും നൽകി വിശ്വാസിയുടെ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്ന ഒരു ദൈവത്തെയാണു 'സമൃദ്ധിയുടെ സുവിശേഷക'രും വരച്ചു കാട്ടുന്നത്.

ഇന്നു സുവിശേഷീകരണത്തിന്റെ ഊന്നലും 'മനുഷ്യൻ ദൈവത്തിനുവേണ്ടി' എന്നതിനു പകരം 'ദൈവം മനുഷ്യനുവേണ്ടി' എന്നായി മാറിക്കഴിഞ്ഞു.

നാം ഇന്നു നമ്മുടെ ആവശ്യത്തിനും സൗകര്യത്തിനും ഇണങ്ങുന്ന ഒരു ദൈവത്തെത്തന്നെയല്ലേ വാർത്തെടുത്തിരിക്കുന്നത്?

എന്നാൽ യേശുവിന്റെ സന്ദേശത്തിന്റെ കേന്ദ്ര ലക്ഷ്യം 'മനുഷ്യൻ ദൈവത്തിനു വേണ്ടി' എന്നതാണ്. പാപവഴികളെ വിട്ടു മനുഷ്യൻ ദൈവത്തിങ്കലേക്കു തിരിയുന്ന മാനസാന്തരത്തിലാണ് അതിന്റെ തുടക്കം. ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണം എന്നതായിരുന്നല്ലോ പൗലോസിന്റെ പ്രസംഗത്തിന്റേയും കാതൽ. ക്രൂശിന്റെ പാതയിലൂടെ യേശുവിന്റെ കാൽച്ചുവടുകളെ അനുഗമിക്കുവാൻ തന്നെത്താൻ ത്യജിക്കുന്നതാണു തുടർന്നു ദൈവം മാനസാന്തരപ്പെട്ടവനു വച്ചിരിക്കുന്ന മാർഗ്ഗം.

ആഴമായ ഈ തിരുവചനസത്യത്തെ നാം നമ്മുടെ ആവശ്യത്തിന് അനുസരിച്ച് മറ്റൊന്നായി സങ്കൽപിക്കുമ്പോൾ നാം വലിയവനായ ദൈവത്തെ നമ്മുടെ 'കൈപ്പണി'യായി മാറ്റുകയാണ്.

എന്തുകൊണ്ട് വിഗ്രഹാരാധന വിലക്കുന്നു എന്നതും ശ്രദ്ധയർഹിക്കുന്നു. ദൈവം അസൂയാലു, അഥവാ അസഹിഷ്ണു ആണെന്നും മറ്റാരെയും ആരാധിക്കാൻ അനുവദിക്കുന്നില്ല എന്നും പറയുന്നത് ദൈവത്തിന്റെ സ്വാർത്ഥതയും നഷ്ടഭീതിയും ആയി വ്യാഖ്യാനിക്കുന്നവർ ഉണ്ട്. ദൈവത്തിന് എന്തെങ്കിലും കുറവു വരും എന്ന ഭയമല്ല, തന്റെ തന്നെ സ്വരൂത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച് തന്റെ ശ്വാസത്തിൽ ജീവൻ നല്കി വളർത്തുന്ന മനുഷ്യൻ മറ്റെന്തിനെയെങ്കിലും ദൈവമായി ആരാധിക്കാൻ തുടങ്ങിയാൽ അവൻ അതിന്റെ അടിമയാകും, താൻ നിക്ഷേപിച്ച ദൈവിക ജീവൻ അവനു നഷ്ടപ്പെടും എന്ന യാഥാർത്ഥ്യമാണ് വിഗ്രഹാരാധന വിലക്കുന്നതിനു പിന്നിലുള്ളത്.

ഈ പശ്ചാത്തലത്തിൽ മനുഷ്യനെ ദൈവത്തിൽ നിന്നകറ്റി അടിമത്വത്തിലേക്കു നയിക്കുകയും നിത്യനാശത്തിലേക്കു തള്ളിയിടുകയും ചെയ്യുന്ന തിന്മയുടെ ശക്തിയാണ് ദ്രവ്യാഗ്രഹത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് എന്നു കാണാം. അതുകൊണ്ടാണ് ധനത്തെ വിഗ്രഹം (മാമ്മോൻ) ആയും ധനമോഹത്തെ വിഗ്രഹാരാധനയായും ചിത്രീകരിക്കുന്നത്.



# ബാലവേദി

## കത്തിലെ രഹസ്യം




സ്കൂൾ വിട്ട് വീട്ടിലേക്ക് മടങ്ങുകയായിരുന്നു തോമസ്. കൈയിലൊരു എഴുത്തുമുണ്ട്. വീട്ടിലെത്തിയതും അവൻ നേരെ അമ്മയുടെ അടുത്തേക്കോടി. "അമ്മേ ഇത് എന്റെ ടീച്ചർ അമ്മയ്ക്കു തരാൻപറഞ്ഞ് തന്നുവിട്ട കത്താണ്."

കത്ത് തുറന്നുവായിച്ചതും അമ്മയുടെ കണ്ണുനിറയുന്നത് അവൻ ശ്രദ്ധിച്ചു. "അമ്മ എന്തിനാ കരയുന്നത്? എന്താ കത്തിൽ എഴുതിയിരിക്കുന്നത്?", അവൻ ചോദിച്ചു.

കണ്ണുതുടച്ചുകൊണ്ട് അമ്മ ആ കത്ത് ഉറക്കെ വായിച്ചു. "തോമസ് നന്നായി പഠിക്കുന്ന കുട്ടിയാണ്. അവന്റെ ബുദ്ധി നിലവാരം അനുസരിച്ച് പഠിപ്പിക്കാനുള്ള സാഹചര്യമോ പഠനസാമഗ്രികളോ ഈ സ്കൂളിനില്ല. ഇനി സ്കൂളിലേക്ക് വിടാതെ നിങ്ങൾതന്നെ അവനെ പഠിപ്പിക്കണം."

അങ്ങനെ സ്കൂൾ ടീച്ചറായിരുന്ന അവന്റെ അമ്മതന്നെ അവനെ പഠിപ്പിച്ചു.

പിന്നീട് ഒരുപാട് വർഷങ്ങൾക്കുശേഷം തന്റെ പഴയ സാധനങ്ങൾ തിരയുന്ന കൂട്ടത്തിൽ തോമസിന് ആ കത്ത് കിട്ടി. അത് തുറന്നുവായിച്ചപ്പോൾ തോമസിന്റെ കണ്ണുനിറഞ്ഞു. "നിങ്ങളുടെ മകന് ബുദ്ധിപരമായി ഒരു മികവും ഇല്ല. അതുകൊണ്ടുതന്നെ ഇനിമുതൽ സ്കൂളിലേക്ക് അവനെ പറഞ്ഞയക്കരുത്." ഇതായിരുന്നു യഥാർത്ഥത്തിൽ കത്തിന്റെ ഉള്ളടക്കം.

അന്ന് ടീച്ചർ പറഞ്ഞ ബുദ്ധിനിലവാരം കുറഞ്ഞ കുട്ടിയായിരുന്നു വർഷങ്ങൾക്കു ശേഷം നിരവധി കണ്ടുപിടിത്തങ്ങൾ നടത്തി ലോകപ്രശസ്തനായ തോമസ് ആൽവ എഡിസൻ. അന്ന് അമ്മ നൽകിയ ആത്മവിശ്വാസവും പ്രചോദനവുമാണ് തന്നെ ഈ വിജയത്തിലേക്ക് നയിച്ചതെന്ന് എഡിസന് മനസിലായി.

## ജൗഹർ: സാക



പണ്ട് ഇന്ത്യയിൽ മുഗൾഭരണവും സുൽത്താൻഭരണവും നിലനിന്നിരുന്ന കാലത്തൊക്കെ യുദ്ധങ്ങളും കൊള്ളയടിക്കലും പതിവായിരുന്നു. ജയിക്കുന്നവർ തോൽപ്പിക്കപ്പെട്ട രാജ്യത്തെ സ്വത്തും വിലപിടിപ്പുള്ള വസ്തുക്കളും കൈക്കലാക്കുക, റാണിമാരെയും മറ്റു സ്ത്രീകളെയും തട്ടിക്കൊണ്ടുപോവുക എന്നതൊക്കെ ചെയ്യുമായിരുന്നു, ഇങ്ങനെ തോൽവി ഉറപ്പായാൽ ആ രാജ്യത്തെ റാണിയും അവിടുള്ള സ്ത്രീകളും കുട്ടികളും തങ്ങളുടെ മുതലുകളുമായി കത്തുന്ന ചിതയിൽ ചാടി മരിക്കുന്ന ചടങ്ങിനെയാണ് 'ജൗഹർ' എന്നു പറയുന്നത്. ഇന്ത്യയിൽ നിലനിന്നിരുന്ന 'സതി' എന്ന ആചാരത്തിനോട് ഇതിനു സാമ്യമുണ്ട്. ഈ സമയം പുരുഷന്മാർ യുദ്ധക്കളത്തിലേക്ക് മരണംവരിക്കാൻ തയ്യാറായി അണിചേർന്നു പോകുന്നതിനെ 'സാക' എന്നും പറയുന്നു.

അലാവുദ്ദീൻ ഖിൽജി, ബാബർ, മുഹമ്മദ് ബിൻ കാസിം എന്നിവരിൽ നിന്നൊക്കെ രക്ഷനേടാൻ സ്ത്രീകൾ 'ജൗഹർ' അനുഷ്ഠിച്ചിട്ടുള്ളതായി ചരിത്രം പറയുന്നു.



## Raining Cats and Dogs!

ഇതു വായിച്ചപ്പോൾ കൂട്ടുകാർ അമ്പരന്നോ? മഴയത്ത് കുടചൂടി ഇറങ്ങുമ്പോൾ ആലിപ്പഴംപോലെ നായകളും പൂച്ചകളും മാനത്തുനിന്ന് 'പ്ലക്ക്' എന്ന് പൊട്ടിവീഴുന്ന ഒരു സീനാണോ മനസ്സിൽ? എന്നാൽ സീൻ അതല്ല!

ഇത് ഇംഗ്ലീഷിലെ ഒരു ശൈലിയാണ്. ശൈലികൾക്ക് ഇംഗ്ലീഷ് 'Idioms' എന്നാണ് പറയാറ്. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്നൊക്കെ നമ്മൾ പറയാറില്ലേ? അതുപോലെ ഇംഗ്ലീഷിലുമുണ്ട് ശൈലികൾ.

അത്തരമൊരു ശൈലിയാണ് ഇതും. 'Raining Cats and Dogs' എന്നുവെച്ചാൽ Raining Heavily എന്നാണ് അർത്ഥം. അതായത് ശക്തമായി മഴ പെയ്യുന്നതിനെ സൂചിപ്പിക്കാനാണ് ഈ ശൈലി ഉപയോഗിക്കുന്നത്.




## സ്വന്തം രാജ്യം

(തുടർച്ച)

### ഫ്രീ ടൗൺ

850 പേർ സുഖമായി ജീവിക്കുന്ന സ്വതന്ത്ര രാജ്യമാണ് ഫ്രീ ടൗൺ ക്രിസ്റ്റ്യാനിയ. എവിടെയാണീ രാജ്യമെന്നോ? ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻ ഹേഗനിൽ! 84 ഏക്കറാണ് ഈ രാജ്യം. ഒരുപാടുകാലം ഡാനിഷ് പട്ടാളം അവരുടെ താവളമാക്കിയ സ്ഥലമാണ് ഇത്.

### അമേരിക്ക പേടിച്ചേ!

ലോകത്തെ ഏറ്റവും ശക്തമായ രാജ്യമാണ് അമേരിക്ക. പക്ഷേ, പറഞ്ഞിട്ടെന്തു കാര്യം! അമേരിക്കയിലെ ഫ്ളോറിഡയിലുമുണ്ട് ഒരു സ്വതന്ത്ര രാജ്യം! പേര് കോഞ്ച് റിപ്പബ്ലിക്ക്.

1982-ൽ ഡെന്നിസ് വാർഡിലോ ആണ് ഈ രാജ്യം സ്ഥാപിച്ചത്. രാജ്യത്തിന്റെ മുദ്രാവാക്യം കേൾക്കണോ? 'ചിരിക്കുക, ലോകത്തിന്റെ ടെൻഷൻ കുറയ്ക്കുക!'

## കഥയും പൊരുളും



അന്ന് കടൽത്തീരത്തായിരുന്നു യേശു പ്രസംഗത്തിനായെത്തിയത്. ഒരു വഞ്ചി നീക്കിയിട്ട് അതിന്മേലിരുന്ന് യേശു പറയാൻ തുടങ്ങി: 'ഒരിക്കൽ ഒരു കർഷകൻ തന്റെ പാടത്ത് വിത്തു വിതയ്ക്കാനായി പുറപ്പെട്ടു. പോകുമ്പോൾ വിത്തുകളിൽ ചിലത് വഴിയരികിൽ വീണു. പക്ഷികൾ വന്ന് അവ തിന്നു. കുറച്ച് വിത്തുകൾ മണ്ണ് അധികമില്ലാത്ത പാറപ്പുറത്ത് വീണു. അവ മുളച്ചെങ്കിലും വെയിലത്ത് വാടിപ്പോയി. ഇനിയും ചില വിത്തുകൾ നല്ല മണ്ണിൽ വീണിരുന്നു. അവ നന്നായി വളർന്നു. കൊയ്തപ്പോൾ നല്ല വിളവ് കിട്ടുകയും ചെയ്തു."

യേശു കഥ നിർത്തി. ശിഷ്യന്മാർക്ക് കഥയുടെ പൊരുൾ പിടികിട്ടിയില്ല. പത്രോസ് എന്ന ശിഷ്യൻ യേശുവിനോട് ചോദിച്ചു: "അങ്ങ് പറഞ്ഞ കഥയുടെ അർത്ഥം എനിക്ക് വിശദീകരിച്ചു തരാമോ?"

യേശു പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു: "കഥയിൽ പറഞ്ഞ വിത്തുകൾ വീണിടങ്ങൾ പോലെയാണ് നമ്മുടെ മനസ്സും. നല്ല കാര്യങ്ങൾ കേൾക്കുമ്പോൾ ചിലർ അപ്പോൾ തന്നെ അതു മറക്കും. മറ്റ് ചിലരാകട്ടെ അത് സന്തോഷത്തോടെ സ്വീകരിക്കും. പക്ഷേ, പ്രാവർത്തികമാക്കില്ല. എന്നാൽ വേറെ ചിലർ മനസ്സിലെ നല്ല കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ജീവിതവിജയം നേടുകയും ചെയ്യും." യേശു പറഞ്ഞു നിർത്തി. അദ്ദേഹം പറഞ്ഞതിന്റെ പൊരുൾ എല്ലാവർക്കും മനസ്സിലായി.

## വീനസ്ട്രോഫോബിയ



പലതിനേയും കണ്ട് നാം പേടിക്കാറില്ലേ? എന്നാൽ സുന്ദരികളെ കണ്ടാൽ പേടിക്കുന്നവരുണ്ടോ? ഉണ്ട്. സുന്ദരികളോടുള്ള പേടിക്ക് ഒരു പേരുമുണ്ട്-വീനസ്ട്രോഫോബിയ! ഗ്രീക്ക് സൗന്ദര്യദേവതയായ വീനസിന്റെ പേരും പേടി എന്നർത്ഥമുള്ള ഫോബിയ എന്ന വാക്കും ചേർന്നാണ് Venustrophobia ഉണ്ടായിരിക്കുന്നത്!





# ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

# സൗമ്യത

**''നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ...''** (ഫിലി. 4:5).

സൗമ്യത എന്ന വാക്കു കേൾക്കുന്നതു ഇമ്പകരമെങ്കിൽ ഒരു വ്യക്തിയെക്കുറിച്ച് സൗമ്യനെന്നു പറഞ്ഞുകേൾക്കുന്നത് എത്ര അഭികാമ്യമാണ്. പുരുഷനായാലും സ്ത്രീ ആയാലും എല്ലാവർക്കും ഉണ്ടായിരിക്കേണ്ട ഒരു വിശിഷ്ട സ്വഭാവഗുണമാണ് സൗമ്യത. എന്നാൽ അനേകരിലും ഈ സൗമ്യത കാണാറില്ല.

കർത്താവായ യേശുക്രിസ്തു പറഞ്ഞു: ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ (മത്താ. 11:29). യേശുവിന്റെ സൗമ്യത നമ്മിൽ ഉണ്ടാകണമെങ്കിൽ അവന്റെ നുകം ഏറ്റുകൊണ്ട് അവനിൽനിന്നും പഠിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ സൗമ്യതയേയും താഴ്മയെക്കുറിച്ചും പറഞ്ഞിരിക്കുന്നത്: അവൻ ദൈവത്തോടുള്ള സമത്വം വിട്ട്, മനുഷ്യനായി, തന്നെത്താൻ താഴ്ത്തി, ക്രൂശിലെ മരണത്തോളം പിതാവായ ദൈവത്തെ അനുസരിച്ച് ദൈവഹിതത്തിനായി ഏൽപ്പിക്കപ്പെട്ടു എന്നാണ്. യേശു മനുഷ്യനായി അവതരിച്ച് ഈ ലോകത്തിൽ സാധാരണക്കാരിൽ സാധാരണക്കാരനായി താഴ്മയോടും സൗമ്യതയോടും ജീവിച്ചതിനാൽ വാസ്തവത്തിൽ അവൻ ആരാണെന്നുള്ളത് ലോകത്തിനു അറിവാൻ കഴിഞ്ഞില്ല. ഇവൻ തച്ചന്റെ മകനല്ലയോ, ഇവന്റെ അമ്മ മറിയ എന്നവളല്ലയോ എന്ന് തരംതാഴ്ത്തി വിലയിരുത്തുകയാണ് ചെയ്തത്. ഉന്നത ബിരുദവും പദവിയുമുള്ള ചിലരെ യാദൃശ്ചികമായി നാം കണ്ടുമുട്ടി സംസാരിക്കുമ്പോൾ അവരുടെ സൗമ്യതയും താഴ്മയുമുള്ള പെരുമാറ്റം കണ്ടിട്ട് അവർ വെറും സാധാരണക്കാർ എന്ന് വിലയിരുത്താറുണ്ടല്ലോ? എന്നാൽ അവർ ആരാണെന്നും അവരുടെ പദവിയെക്കുറിച്ചും അറിയുമ്പോൾ അവരെക്കുറിച്ചുള്ള ചിന്ത തെറ്റായിപ്പോയി എന്ന് മനസ്സിലാക്കുന്നതുപോലെയാണ് യേശുവിനെക്കുറിച്ചുള്ള അനേകരുടെ വിലയിരുത്തൽ. മഹോന്നതൻ, സൃഷ്ടികർത്താവ്, ദൂതന്മാരാൽ ആരാധിക്കപ്പെട്ടവൻ, സ്വർഗ്ഗമഹിമകൾ വെടിഞ്ഞ് മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി ഈ ഭൂമിയിൽ വന്ന യേശുവിന്റെ താഴ്മയും സൗമ്യതയും തന്റെ വാക്കിലും പ്രവർത്തിയിലും ലോകത്തിനു വെളിപ്പെടുത്തിയപ്പോൾ ലോകം അവനെ അറിയേണ്ടതുപോലെ അറിഞ്ഞില്ല, ഇന്നും അറിഞ്ഞിട്ടില്ല. യേശുവിന്റെ നുകം ഏൽക്കുന്നത് അവനിൽ നിന്നും പഠിക്കുവാനാണ്. ക്രിസ്തുവിന്റെ നുകം ഏറ്റുകൊണ്ട് അവനിൽനിന്നും പഠിക്കുന്ന ഒരു ഭക്തന്റെ നടപ്പിലും സംസാരത്തിലും ഇടപെടലിലും യേശുവിന്റെ സൗമ്യത വെളിപ്പെടണം. തിരുവചനം പറയുന്നു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടപ്പിൻ എന്ന് (എഫെ. 4:2). ഒരു വിശ്വാസിയുടെ ജീവിതത്തിൽ (നടപ്പിൽ) ആത്മാവിന്റെ ഫലമായ 'സൗമ്യത' ഉള്ളവരായിരിക്കണം. ഈ ഫലം മറ്റുള്ളവർ കാണുമ്പോൾ, ആസ്വദിക്കുമ്പോൾ കർത്താവിന്റെ നാമം മഹത്വപ്പെടുവാൻ ഇടയായിത്തീരും. സൗമ്യതയുള്ളവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക:



സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും (മത്താ. 5:5)

...നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു (സങ്കീ. 18:35)

സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൗമ്യതയുള്ളവർക്കു തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു (സങ്കീ. 25:9).

സൗമ്യതയുള്ളവർക്കു യഹോവയിൽ സന്തോഷം വർദ്ധിക്കയും മനുഷ്യരിൽ സാധുക്കളായവർ യിസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദിക്കയും ചെയ്യും (യെശ. 29:19).

**സ്ത്രീകൾക്കുണ്ടായിരിക്കേണ്ട സൗമ്യത:**

വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്നു; നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (1 പത്രോ. 3:3-4).

പത്രൊസ് അപ്പോസ്തലൻ ഭാര്യമാരെ സംബോധന ചെയ്തുകൊണ്ടാണ് മൂന്നാം അദ്ധ്യായം തുടങ്ങുന്നത്. കുടുംബജീവിതത്തിൽ സ്ത്രീകൾക്കുണ്ടായിരിക്കേണ്ട അതിപ്രധാനമായ ഒരു സ്വഭാവവിശേഷതയാണ് സൗമ്യത. സൗമ്യതയുള്ള ഭാര്യ ഭർത്താവിനും കുടുംബത്തിനും അനുഗ്രഹമാണ്. വിവാഹ ജീവിതത്തിൽ പ്രവേശിക്കുവാൻ പോകുന്നവരും വിവാഹിതരുമായ ചില പുരുഷന്മാർ പറഞ്ഞുകേട്ടിട്ടുണ്ട് തങ്ങൾ പുറമെയുള്ള സൗന്ദര്യത്തെക്കാൾ ഇഷ്ടപ്പെടുന്നത് അകമെയുള്ള സൗന്ദര്യമായ സ്നേഹം, സൗമ്യത, താഴ്മ, അനുസരണം എന്നിവയുള്ള സ്ത്രീകളെയാകുന്നു എന്ന്. അനേകം കുടുംബങ്ങളിൽ സ്വസ്ഥതയും സമാധാനവുമില്ലാത്തതിന്റെ പ്രധാന കാരണം സ്ത്രീകളുടെ സൗമ്യതയില്ലാത്ത പെരുമാറ്റം കൊണ്ടാണെന്നു അറിവാനിടയായിട്ടുണ്ട്.

വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്ന സൗമ്യതവതിയായ ഒരു സ്ത്രീയാണ് രൂത്ത്. അവർ ഒരു ഉത്തമയായ സ്ത്രീ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (4:15). രൂത്തിനെപ്പറ്റി പഠിച്ചാൽ, അവരുടെ സൗമ്യത, താഴ്മ, സ്നേഹം, ദൈവത്തിലുള്ള ആശ്രയം ഈ വക സ്വഭാവ വൈശിഷ്ഠ്യങ്ങൾ എല്ലാ അദ്ധ്യായങ്ങളിലും നിറഞ്ഞുനിൽക്കുന്നതായി കാണാം. അവളുടെ സൗമ്യത അവളെ ഉയർത്തി വലിയവളാക്കിത്തീർത്തു.

(തുടരും).




**യേ**ശു ഒരിക്കൽ ശിഷ്യന്മാരോടെല്ലാവരോടുമായി ചോദിച്ചു, ജനം മനുഷ്യപുത്രനെക്കുറിച്ച് ആർ എന്നു പറയുന്നു? ഓരോരുത്തരും ഓരോരോ മറുപടി പറഞ്ഞു. അവസാനം യേശു ചോദിച്ചു, എന്നാൽ നിങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നു? പത്രൊസ് ഉടനെ പറഞ്ഞു, "നീ മഹോന്നതനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു." അല്പസമയം കഴിഞ്ഞപ്പോൾ കർത്താവ് തന്റെ ക്രൂശിനെക്കുറിച്ചും ഉയിർത്തെഴുന്നേല്പിനെക്കുറിച്ചും സംസാരിക്കുവാൻ തുടങ്ങി. അപ്പോൾ പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി ഇപ്രകാരം ശാസിച്ചു പറഞ്ഞു, 'അത് അരുതേ; നിനക്ക് അങ്ങനെ ഭവിക്കരുതേ' (മത്തായി 16:22). പത്രൊസ് വളരെ സമർപ്പണത്തോടെ കർത്താവിനെ അനുഗമിച്ചവനാണ്. അവൻ വിളിച്ചപ്പോൾ തനിക്കുണ്ടായിരുന്ന സകലവും, ജോലിയും, സാഹചര്യങ്ങളും മാതാപിതാക്കളെയും കുടുംബത്തെയും, വിട്ട് യേശുവിനെ അനുഗമിച്ചവനാണ്. എന്നാൽ ഇപ്പോൾ പത്രൊസല്ല സംസാരിക്കുന്നത് എന്നു കർത്താവ് മനസ്സിലാക്കി. വേഷം നല്ലതായിരുന്നു. ഭാഷയും നല്ലതായിരുന്നു. എന്നാൽ കർത്താവ് അവനെ ശാസിച്ചു: "സാത്താനേ എന്നെ വിട്ടു പോ." പിശാച് വളരെ കൗശലക്കാരനാണ്. അവൻ വിവിധരൂപങ്ങളിൽ, ഭാവങ്ങളിൽ വേഷം മാറിവരും. നമുക്കെല്ലാം വന്നുചേരുന്ന അബദ്ധമാണിത്. നമ്മുടെ ദൈവിക ജ്ഞാനലബ്ധിയിലുയരുന്ന നിഗളം നമ്മെ പലപ്പോഴും വീഴിക്കുന്നു. പിശാചിന്റെ വക്താക്കളാക്കി അതു നമ്മെ മാറ്റുന്നു.

യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു പത്രൊസ് പറഞ്ഞപ്പോൾ "ജഡരക്തങ്ങളല്ല നിനക്കിതു വെളിപ്പെടുത്തിത്തന്നത്, ദൈവാത്മാവത്രേ" എന്ന് യേശു പ്രശംസിച്ചു. ആ പ്രശംസയോടെ പത്രൊസ് സ്വയം മറന്നുപോയി. തന്റെ ജ്ഞാനം, ബുദ്ധി, കഴിവ് എല്ലാം ഒരുപടി ഉയർന്നതായി അവനു തോന്നി. ആത്മപ്രശംസയിലായിത്തീർന്ന അവന്റെ ഉള്ളിൽ നിന്നും അല്പം മുമ്പ് ഉണ്ടായിരുന്ന ദൈവാത്മാവ് നീങ്ങിപ്പോയത് അവനറിഞ്ഞില്ല. നിഗളത്തിന്റെ ആത്മാവിൽ നിന്ന് അവൻ ദൈവപുത്രനെ ഉപദേശിക്കുവാൻ ധൈര്യപ്പെടുകയാണ്. പിശാച് എത്ര വേഗമാണ് നമ്മെ അവന്റെ പദ്ധതികൾക്കുപയോഗിക്കുന്നതെന്ന് ശ്രദ്ധിച്ചാലും. ഒന്നു പ്രാർത്ഥിച്ചപ്പോൾ അയൽക്കാരന് സൗഖ്യം കിട്ടി അല്ലെങ്കിൽ സുഹൃത്തിന്റെ മകളുടെ കല്യാണം നടന്നു. ഉടനെതന്നെ ആ മഹത്വമേറ്റെടുത്ത് ദിവ്യതയിലേക്ക് സ്വയം ഉയർത്തുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ആത്മാവ് പിശാചാണ് എന്നറിയുക. പിശാചിന്റെ പ്രലോഭനങ്ങൾ നിരന്തരം നമ്മെ പിന്തുടരുന്നു എന്നത് മറന്നുകൂടാ.

അപ്പൊസ്തല പ്രവൃത്തികൾ 16-ാം അധ്യായത്തിൽ രസകരമായ ഒരു സംഭവം ഉണ്ട്. പൗലോസും ശീലാസും പ്രാർത്ഥനാസ്ഥലത്തു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു യജമാനന്മാർക്ക് ധാരാളം ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി അവരെ എതിരേറ്റ് "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ" എന്നു വിളിച്ചു പറഞ്ഞു. ഇത് പല ദിവസം ആവർത്തിക്കാൻ ഇടയായപ്പോൾ പൗലോസ് അവളിലുള്ള ഭൂതത്തെ ശാസിച്ചു: "അവളെ വിട്ടുപോകുവാൻ ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു കല്പിക്കുന്നു.'' അവൾ പറഞ്ഞതെല്ലാം സത്യമായിരുന്നു എങ്കിലും അധികം പറയുവാൻ പൗലോസ് അവളെ സമ്മതിച്ചില്ല. കാരണം പിശാചിന്റെ തന്ത്രങ്ങളെക്കുറിച്ച് അപ്പോസ്തലൻ ബോധവാനായിരുന്നു എന്നതുതന്നെ.



(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# പ്രാർത്ഥനയുടെ മനോഭാവം

ദൈവത്തോടുള്ള മനുഷ്യന്റെ ആശയവിനിമയം അല്ലെങ്കിൽ ദൈവസംസർഗ്ഗത്തിനാണ് പ്രാർത്ഥന എന്നു പറയുന്നത്. മനുഷ്യന്റെ പ്രാർത്ഥന ദൈവം ആഗ്രഹിക്കുന്നു. അതിലൂടെയാണ് മനുഷ്യൻ ദൈവത്തെ അറിയുന്നതും അനുഭവിക്കുന്നതും.

ഒരു ദിവസം എത്ര സമയം പ്രാർത്ഥിക്കണം? നിർത്താതെ, എല്ലാ സമയവും, എല്ലായിടത്തും എന്നാണ് വചനം പറയുന്നത് (1 തെസ്സ. 5:17, എഫേ. 6:18; 1 തിമൊ. 2:8). ഇങ്ങനെ ആർക്കെങ്കിലും സദാസമയവും പ്രാർത്ഥിക്കുവാൻ കഴിയുമോ?

ഈ ചോദ്യം യേശുവിനോട് ആരെങ്കിലും ചോദിച്ചിരിക്കുമോ? പ്രത്യേകിച്ചും ശിഷ്യന്മാർ? 'നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ' എന്നു പറഞ്ഞു തങ്ങളെ പ്രാർത്ഥനയുടെ ഉള്ളടക്കം പഠിപ്പിച്ച യേശുവിനോട്, ശിഷ്യന്മാർ എത്ര സമയം പ്രാർത്ഥിക്കണം' എന്നു ചോദിച്ചിരിക്കുകയില്ലേ? അങ്ങനെ ചോദിച്ചതായി എടുത്തു പറയുന്നില്ലെങ്കിലും ആ ചോദ്യത്തിനുള്ള മറുപടി യേശു പറയുന്നുണ്ട്-മടത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണം (ലൂക്കോസ് 18:1). അപ്പോൾ നമ്മെപ്പോലെ ശിഷ്യന്മാരും സംശയിച്ചിരിക്കാം- 'എപ്പോഴും എങ്ങനെയാണ് ഒരാൾക്ക് പ്രാർത്ഥിക്കുവാൻ കഴിയുന്നത്?'



ഇതിനുള്ള മറുപടിയായി യേശു ഒരു ഉപമ പറഞ്ഞു, അതാണു വിധവയുടെ ഉപമ. ലൂക്കോസ് 18-ന്റെ 2-8 വാക്യങ്ങളിൽ ഈ ഉപമ നാം കാണുന്നു. ഒരു പട്ടണം. അവിടത്തെ ന്യായാധിപൻ തത്വദീക്ഷയില്ലാത്ത ഒരുവനായിരുന്നു. ആ പട്ടണത്തിൽ തന്നെ പാർത്തിരുന്ന ഒരു വിധവ അതു ഗണ്യമാക്കാതെ തന്റെ സങ്കടവുമായി നിരന്തരം ന്യായാധിപനെ സമീപിച്ചുകൊണ്ടിരുന്നു. ഒടുവിൽ സഹികെട്ട് ന്യായാധിപൻ വിധവയുടെ സങ്കടം പരിഹരിച്ചുകൊടുത്തു. പ്രാർത്ഥനയെ സംബന്ധിച്ചിടത്തോളം നാം ഈ വിധവയെപ്പോലെ ആയിരിക്കണം.

യേശു പറഞ്ഞ ഉപമയിലെ വിധവയുടെ മനോഭാവം എന്താണ്? വിധവ-അവൾക്കാരുമില്ല. അവൾ നിസ്സഹായയാണ്, നിരാശ്രയയാണ്. ഉപമയിലെ ന്യായാധിപൻ 'ദൈവത്തെ പേടിയും മനുഷ്യരെ ശങ്കയുമില്ലാത്ത' കഠിനഹൃദയനായ ഒരുവനാണെങ്കിലും തന്റെ സങ്കട നിവൃത്തിക്കായി അവനെ നിരന്തരം ചെന്നു ബുദ്ധിമുട്ടിക്കുകയല്ലാതെ അവൾക്കു മാർഗ്ഗമില്ല. ന്യായാധിപൻ അവളെ അവഗണിച്ചാലും, ആക്ഷേപിച്ചാലും അതൊന്നും വകവയ്ക്കാതെ അവൾ പിന്നെയും പിന്നെയും അദ്ദേഹത്തെ തേടി ചെല്ലുന്നു.

'ആത്മാവിലെ ദാരിദ്ര്യം' എന്നു പറയുന്നത് ഇതാണ്. ആത്മാവിലെ ദാരിദ്ര്യം, ഭൗതികമായ ദാരിദ്ര്യം പോലെയാണ്. ഭൗതികമായി ദരിദ്രനായവന് ധനവാന്റെ പടിവാതിൽക്കൽ ഭിക്ഷയ്ക്കായി വീണ്ടും വീണ്ടും ചെല്ലാൻ ലജ്ജയില്ല. ധനവാനെ നിരന്തരം ചെന്ന് ആശ്രയിക്കുകയല്ലാതെ അവനു മാർഗ്ഗമില്ല. ആത്മാവിൽ ദരിദ്രനായവനും ഇതുപോലെയാണ്. അവനു സ്വന്തമായ ബലമില്ല; ജ്ഞാനമില്ല. നിസ്സഹായനാണ്. അവൻ ചെറുതും വലുതുമായ എല്ലാ കാര്യത്തിലും ദൈവത്തെ ആശ്രയിക്കുന്നു. നിരന്തരം ദൈവത്തിന്റെ അടുത്തേക്കു ചെല്ലുന്നു. യേശു പറഞ്ഞു, 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.' ആത്മാവിൽ ദരിദ്രരായവരാണു യേശുവിനു സ്വീകാര്യർ.

യഥാർത്ഥ പ്രാർത്ഥനയെന്തെന്നു വിശദമാക്കുന്ന മറ്റൊരു ഉപമയിലും യേശു ഈ മനോഭാവത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. മൂന്നപ്പം വായ്പ വാങ്ങാൻ സ്നേഹിതന്റെ വീട്ടിലേക്കു പോയവന്റെ ഉപമയിൽ, അവന് സ്നേഹിതൻ എന്തുകൊണ്ടാണ് അർദ്ധരാത്രിയിൽ എഴുന്നേറ്റ് വേണ്ടുന്നിടത്തോളം അപ്പം നൽകിയത്? അതിന് ഒരേയൊരു കാരണമേയുള്ളൂ 'അവൻ ലജ്ജ കൂടാതെ മുട്ടുക നിമിത്തം' (ലൂക്കോസ് 11:8). അർദ്ധരാത്രിയിൽ അവനു വേറെ മാർഗ്ഗമുണ്ടായിരുന്നില്ല-സ്നേഹിതനെ മാത്രം ആശ്രയിച്ച് അവന്റെ വാതിലിൽ മുട്ടിക്കൊണ്ടേയിരിക്കുക. കാരണം അവൻ നിസ്സഹായനായിരുന്നു.

യേശു തുടർച്ചയായി പ്രാർത്ഥിച്ചിരുന്നതായി ബൈബിളിൽ കാണാം (മത്താ. 26:36; ലൂക്കോ. 5:16, 6:12). യാചിപ്പിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും തുടങ്ങിയ വാക്യങ്ങൾ തുടർച്ചയായ പ്രാർത്ഥനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. ലൂക്കോ. 11:9. എന്നാൽ അത് ജല്പനമാകരുത് (മത്താ. 6:7). പാപിയുടെ പ്രാർത്ഥനയും (യോഹ. 9:31), ഹൃദയത്തിൽ അകൃത്യം നിരൂപിക്കുന്നവരുടെ പ്രാർത്ഥനയും ദൈവം കേൾക്കുന്നില്ല (സങ്കീ. 66:18) എന്ന് നാം അറിഞ്ഞിരിക്കണം. യേശുവിന്റെ ഉപദേശത്തിൽ പ്രാർത്ഥനയുടെ മുഖ്യലക്ഷ്യം ആത്മീയാനുഗ്രഹങ്ങളാണ്. ഭക്തിയോടെ ദൈവത്തിന്റെ ഇഷ്ടം ചെയ്തുകൊണ്ടാണ് പ്രാർത്ഥിക്കേണ്ടത് (യോഹ. 9:31).

ദൈവത്തിൽ മാത്രം നമ്മുടെ ആശ്രയം വച്ച് എപ്പോഴും അവിടുത്തെ മുൻപാകെ ആത്മാവിലെ ദാരിദ്ര്യത്തോടെ നിൽക്കുന്നതാണ് പ്രാർത്ഥനയുടെ പിന്നിലെ ആത്മാവ്. ഈ മനോഭാവം നമുക്കുണ്ടെങ്കിൽ രാപ്പകൽ നമ്മുടെ ജീവിതത്തിന്റെ ഭൂമികയിൽ നിന്ന് പ്രാർത്ഥന ഉയരുന്നതായി ദൈവം കാണും (1 തിമൊ. 5:5). ഉത്തമഗീതത്തിലെ കാന്തയുടെ അനുഭവം പോലെയാണിത്. അവളുടെ ജീവിതം രാപ്പകൽ തന്റെ പ്രിയനോടു ബന്ധപ്പെട്ടിരിക്കുന്നു. അവൾ അവനോടു സംസാരിക്കുന്നുണ്ട്. അവനിൽ നിന്നു കേൾക്കുന്നുണ്ട്. അപ്പോൾ രാത്രിയിൽ അവൾ ഉറങ്ങുമ്പോഴോ? അപ്പോഴും 'ഞാൻ ഉറങ്ങുന്നു; എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു' എന്നാണവൾ പറയുന്നത്(5:2).

# ഇയ്യോബും സഭാപ്രസംഗിയും

തുടർച്ച 2



ഇയ്യോബിന്റെ പുസ്തകത്തിലും സഭാപ്രസംഗിയുടെ പുസ്തകത്തിലും രസകരമായ ഒരു അന്തരം കാണാം. ആരോഗ്യവും സമ്പത്തും നഷ്ടപ്പെട്ടു എന്നുള്ളതാണ് ഇയ്യോബിന്റെ വ്യസനത്തിനുള്ള കാരണം. ആരോഗ്യവും സമ്പത്തും, സംതൃപ്തിയും സന്തോഷവും നൽകുന്നില്ലായെന്നതാണ് ശലോമോന്റെ നിരൂപണം. ദൈവത്തിലേക്ക് മടങ്ങുകയും ദൈവത്തിൽ നിന്ന് പ്രാപിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നതെന്ന് ഇരുവരും ജീവിതാനുഭവങ്ങളിലൂടെ വ്യക്തമാക്കുന്നു.

ശലോമോന്റെയും ഇയ്യോബിന്റെയും സംഭവങ്ങളെടുത്താൽ അതിലെ ചില നാടകീയ വശങ്ങളിൽകൂടെ ആത്മശോധന നടത്തിയാൽ മൊത്തത്തിൽ ജീവിതം എന്നാൽ എന്താണെന്ന് കണ്ടെത്തുവാൻ കഴിയും. മരിക്കുമ്പോൾ എന്തു സംഭവിക്കും? നാം വീണ്ടും ജീവിക്കുമോ? നമുക്ക് സംഭവിക്കുന്ന കാര്യങ്ങളിൽ ദൈവം വിചാരപ്പെടുന്നുണ്ടോ? സമ്പൽസമൃദ്ധിയെ നാം എങ്ങനെ വീക്ഷിക്കണം? വേദനയുടെ ഉദ്ദേശം എന്താണ്?

ഒരു പ്രതിസന്ധി വരുമ്പോൾ, അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഇയ്യോബ് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിലെ പലതിനും മുൻഗണനാക്രമം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നും ശരിയായ കാഴ്ചപ്പാടുണ്ടാകേണമെന്നും ശലോമോന്റെ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നു. എന്താണ് പ്രതിസന്ധിയുണ്ടാക്കുന്നത് എന്നും എന്തല്ല എന്നും അവർ രണ്ടുപേരും നമ്മെ പഠിപ്പിക്കുന്നു.

ഇയ്യോബിന്റെ പുസ്തകം തയ്യാറാക്കിയ പശ്ചാത്തലം ഊസ് ആയിരുന്നു. പാലസ്തീന്റെയും അറബിദേശത്തിന്റെയും അതിർത്തികൾക്കിടയിലായിരുന്നു ഊസ് ദേശമെന്ന് കരുതപ്പെടുന്നു. ഗലീലാ കടലിന് കിഴക്ക് ഫലപൂയിഷ്ഠമായ ഹൗറാനിലായിരുന്നു ഇയ്യോബിന്റെ വീട് എന്നാണ് പാരമ്പര്യം പറയുന്നത്.

പുസ്തകം എഴുതിയത് ആരാണെന്ന് നമുക്ക് അറിയില്ല. എന്നാൽ ചില പുരാതന സിദ്ധാന്തങ്ങൾ നോക്കുന്നതു പ്രയോജനം ചെയ്യും. മോശെയാണ് ആ പുസ്തകം എഴുതിയതെന്ന സിദ്ധാന്തത്തെ ചിലർ പിന്താങ്ങുന്നുണ്ട്. ഉൽപത്തി 36:33-ൽ പറഞ്ഞിരിക്കുന്ന ഏദോമിലെ രണ്ടാമത്തെ രാജാവായിരുന്ന യോവാബായി ഇയ്യോബിനെ ചില പാരമ്പര്യം തിരച്ചറിയുന്നതായി സെപ്തുജിന്റിന്റെ ഫുട്ട്നോട്ടിലുണ്ട്. ഏദോമ്യരുടെ ആദ്യകാല പശ്ചാത്തലവും ഇയ്യോബിന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പശ്ചാത്തലവും പേരുകളും യോജിക്കുന്നുണ്ട്. അത്, ശരിയാണെങ്കിൽ, യിസ്രായേൽ മിസ്രയീമിലായിരുന്ന പ്രാരംഭസമയത്തായിരുന്നു ഇയ്യോബ് ജീവിച്ചിരുന്നത്. ക്ഷാമത്തിനു ശേഷമായിരുന്നു യോസേഫ് തന്റെ അപ്പനെയും കുടുംബാംഗങ്ങളേയും മിസ്രയിമിലേക്ക് വിളിച്ചു വരുത്തിയത്. യിസ്രായേൽ ജനം അവിടെ വർദ്ധിച്ചുപെരുകി ഒരു വലിയ ജാതിയായി തീർന്നു. പാലസ്തീനു തെക്കും കിഴക്കുമുണ്ടായിരുന്ന ഏദോമും വികസിത ദേശമായിരുന്നു.

മോശെ ആ പുസ്തകം എഴുതിയപ്പോൾ മിദ്യാനിലായിരുന്നു എന്ന് യെഹൂദപാരമ്പര്യം പറയുന്നു. അതും, മുകളിൽ പറഞ്ഞ പാരമ്പര്യത്തിന് എതിരാകുകയില്ല. ഇയ്യോബിന്റെ പിൻഗാമികളിൽനിന്ന് ഇയ്യോബിന്റെ സംഭവങ്ങളെല്ലാം മോശെ ഗ്രഹിച്ചു കാണും. മിദ്യാനും ഏദോമും അയൽരാജ്യങ്ങളായിരുന്നതുകൊണ്ട് അവർ തമ്മിൽ വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്നു.

ഒരു സത്യം ചിത്രീകരിക്കുന്നതിന് കെട്ടിച്ചമച്ച ഒരു കഥാപാത്രമായിട്ടല്ല, മറിച്ച് യഥാർത്ഥമായി ജീവിച്ചിരുന്ന ഒരു വ്യക്തിയായിട്ടാണ് ഇയ്യോബിനെ ബൈബിൾ എഴുത്തുകാർ തിരിച്ചറിഞ്ഞത് (യെഹ. 14:14,20; യാക്കോ. 5:11).

ഇയ്യോബ് ഒരു നല്ല മനുഷ്യനും നീതിമാനും, നന്മയെ ഇഷ്ടപ്പെടുകയും തിന്മയെ വെറുക്കുകയും ചെയ്തിരുന്ന വ്യക്തിയുമായിരുന്നു. അവൻ നിഷ്ക്കളങ്കനായിരുന്നു (1:1,8), അതിനർത്ഥം അവനിൽ പാപം ഇല്ലായിരുന്നു എന്നല്ല, എന്നാൽ അവൻ ദൈവത്തിൽ വിശ്വസ്തനായിരുന്നു എന്നർത്ഥം.

(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ആത്മീയത



ശരീരത്തിന്റെ തടവറയിൽപ്പെട്ടുപോയ ആത്മാവായിട്ടാണല്ലോ ഗ്രീക്കു ചിന്ത മനുഷ്യനെ കാണുന്നത്. അതിനാണ് ഇന്നും ഏറെ പ്രചാരമുള്ളത്. അതിനു നേർവിപരീതമാണ് ബൈബിളിന്റെ മനുഷ്യ ദർശനം. ബൈബിൾ അനുസരിച്ചു മനുഷ്യൻ സചേതന ശരീരമാണ്. അതുകൊണ്ടുതന്നെ വിശ്വാസ പ്രമാണത്തിൽ ഏറ്റുപറയുന്നത് ആത്മാക്കൾ ഉയിർപ്പിക്കപ്പെടും എന്നല്ല, ശരീരങ്ങൾ ഉയിർപ്പിക്കപ്പെടും എന്നാണ്. മനുഷ്യന്റെ ഇജ്ജീവിതവും ഇവിടുത്തെ പാരസ്പര്യവും ഇച്ഛരിത്രവുമെല്ലാം പരമപ്രധാനം ആകുന്നത് അങ്ങനെയാണ്. പുതിയ ആകാശത്തെക്കുറിച്ചു മാത്രമല്ലല്ലോ സ്വപ്നം കാണുന്നത്, പുതിയ ഭൂമിയെ കുറിച്ചുകൂടി അല്ലേ? (വെളി. 21:1).

ആത്മീയതയെക്കുറിച്ചുള്ള നമ്മുടെ അനുദിന ചിന്തയിലും സാധാരണ സംസാരത്തിലും വരുന്ന കാര്യങ്ങൾ ധ്യാനവും ആരാധനയും ഉപവാസവും ഒക്കെയാണ്. "കർത്താവ് അരുളിചെയ്യുന്നു: നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്?... എന്റെ സന്നിധിയിൽ വരാൻ ഇവ വേണമെന്ന് ആര് നിങ്ങളോടു പറഞ്ഞു?... നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ... മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ" (യെശ. 1:11-17).

"ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടുന്നത്... ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണ പോലെ തലകുനിക്കുന്നതും ചാക്ക് വിരിച്ച് ചാരം വിതറിക്കിടക്കുന്നതും ആണോ ഉപവാസം? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതനെ സ്വതന്ത്രനാക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്നതല്ലേ അത്?" (യെശ. 58:3-7).

"നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല... നിങ്ങളുടെ ഗാനങ്ങളുടെ ശബ്ദം എനിക്കു കേൾക്കേണ്ട. നിങ്ങളുടെ വീണാനാദം ഞാൻ ശ്രദ്ധിക്കുകയില്ല. നീതി ജലംപോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും. ഇസ്രയേൽ ജനമേ, മരുഭൂമിയിൽ കഴിച്ച നാല്പതു വർഷം നിങ്ങൾ എനിക്കു ബലികളും കാഴ്ചകളും അർപ്പിച്ചുവോ?" (ആമോസ് 5:21-25).

യഹോവയുടെ ഉച്ഛ്വാസം ഉള്ളിൽ കയറിയ മനുഷ്യരാണ് പ്രവാചകർ. അങ്ങനെയുള്ളവർ ഇങ്ങനെയൊക്കെ പറഞ്ഞേ പറ്റൂ. കാരണം യഹോവ അത്തരക്കാരനാണ്. ഈജിപ്തുകാരെ കൈയുയർത്തി കഠിനമായി ശിക്ഷിക്കുന്നവനും അവർ ചുമത്തിയ ഭാരം നീക്കുന്നവനും അടിമകളെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്നവനുമാണ് (പുറപ്പാട് 6:8). ദൈവത്തെ സ്വജീവിതത്തിലൂടെ ആവിഷ്കരിച്ച യേശുവും പ്രവാചക നിലപാടുകൾക്ക് അടിവരയിടുകയാണ്. "നീയും പോയി അതുപോലെ ചെയ്യുക" എന്നു നിയമജ്ഞനോട് പറയുമ്പോൾ പുരോഹിതന്റെ ബലിയർപ്പണമോ ലേവ്യന്റെ ദേവാലയ ശുശ്രൂഷയോ അല്ലല്ലോ യേശുവിന്റെ മനസ്സിലുള്ളത് (ലൂക്കോ. 10:25-37). ആരാധനയുടെ കൃത്യത അല്ല ആത്മീയത; സ്നേഹത്തിന്റെ നിർബന്ധങ്ങൾക്ക് ചെവികൊടുക്കലാണത്. ദേവാലയ കേന്ദ്രീകൃതമോ ആചാരാനുഷ്ഠാന ബന്ധിതമോ ആയി ആത്മീയതയെ അവതരിപ്പിച്ചവർക്കെതിരായിട്ടായിരുന്നു യേശുവിന്റെ ഏറ്റവും മൂർച്ചയേറിയ വാക് പ്രയോഗങ്ങൾ. ആ മലയിലോ ജറുസലേമിലോ ആരാധന നടത്താത്ത സമയം വരുന്നുവെന്നു പറയുമ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമാകുകയാണ് (യോഹ. 4:21-23). സ്തെഫാനോസിനെതിരായ ഗുരുതരമായ ആരോപണം "വിശുദ്ധ സ്ഥലത്തിനും നിയമത്തിനും എതിരായി സംസാരിക്കുന്നതിൽനിന്ന് ഒരിക്കലും വിരമിക്കുന്നില്ല" (അ.പ്ര. 6:13) എന്നതായിരുന്നല്ലോ. ഈ ദേവാലയ വിമർശനം വെളിപ്പാടിൽ എത്തുമ്പോൾ പാരമ്യത്തിലെത്തുന്നുണ്ട്. പുതിയ നഗരത്തിൽ മന്ദിരമേ ഉണ്ടാകില്ല എന്നാണ് യോഹന്നാന്റെ ദർശനം (വെളി. 21:22). ക്രിസ്തു ശിഷ്യരുടെ കൃത്യമായ അടയാളം വ്യതിരിക്തമായ ആരാധനയെക്കാളുപരി വ്യതിരിക്തമായ ജീവിത ശൈലിയാണ്: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ. 13:35). എലിസബത്ത് എസ്. ഫിയോറൻസയുടെ ഒരു നിരീക്ഷണം ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്: "ആദിമ ക്രൈസ്തവർ പരമപ്രധാനമായി കണ്ടത് ആചാരാനുഷ്ഠാനമോ, മിസ്റ്റിക് അനുഭൂതിയോ, അല്ല, പിന്നെയോ പാരസ്പര്യമാണ്. അവർക്കിടയിലും അവരിലൂടെയും അനുഭവവേദ്യമാകുന്ന ദൈവികാനുഭൂതിക്കായിരുന്നു പ്രഥമ സ്ഥാനം... (അതുകൊണ്ട്) ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കലും പാനം ചെയ്യലും പരസ്പര സംഭാഷണവും പരസ്പര അംഗീകാരവും അപരനിലുള്ള ദൈവിക സാന്നിധ്യത്തിന്റെ അനുഭവവും അതുവഴി സകലർക്കും പ്രത്യേകിച്ച് പുറന്തള്ളപ്പെട്ടവർക്കു വേണ്ടിയുള്ള ദൈവത്തിന്റെ ബദൽ ദർശനമായി സുവിശേഷത്തെ മുന്നോട്ട് വയ്ക്കലും' ആയിരുന്നു ആദിമ ക്രൈസ്തവ ആത്മീയത (Theological Reconstruction of Christian Origins. p. 345).

എന്താണ് ആരാധന എന്ന ചോദ്യവും പ്രസക്തമാണ്. സ്തുതിക്കുക, പുകഴ്ത്തുക, കീർത്തനങ്ങൾ ആലപിക്കുക എന്നിങ്ങനെ അനേകം ആചാരാനുഷ്ഠാനങ്ങൾ ആരാധനയുടെ ബാഹ്യപ്രകടനങ്ങൾ ആണ്. എന്നാൽ ഇതൊന്നുമല്ല ആരാധന. ആത്മസമർപ്പണമാണ് ആരാധനയുടെ കാതൽ. നീയാണ് എന്റെ ഉറവിടവും ലക്ഷ്യവും; ഞാനും എനിക്കുള്ളതും നിന്റെ ദാനം മാത്രമാണ്; എന്നെയും എനിക്കുള്ള സകലതിനെയും ഞാൻ നിനക്ക് അടിയറ വയ്ക്കുന്നു. നീയാണെന്റെ നാഥൻ. നിന്നിൽ മാത്രമാണ് എനിക്കു ജീവനും നിലനിൽപ്പും സ്ഥായിയായ സന്തോഷവും. ഇപ്രകാരം ഒരു മനോഭാവവും വിധേയത്വവും ആണ് ആരാധനയുടെ അന്തഃസത്ത. ഇതു പ്രകടമാക്കുന്നതാണ് ബാഹ്യാചാരങ്ങളെല്ലാം.

ജീവിതത്തെ ദൈവിക കാഴ്ചപ്പാടിൽ ഗൗരവമായി കണ്ടുകൊണ്ട് ദൈവഹിതാനുസരണം ജീവിക്കുന്നതാണ് ആത്മീയത.

# ദൈവം നൽകുന്ന അടയാളങ്ങൾ

ജീവിതത്തിൽ കുറുക്കുവഴികൾ തേടി നടന്ന ഒരാൾ. എത്ര എളുപ്പത്തിൽ കാര്യങ്ങൾ നേടാൻ സാധിക്കും എന്നതായിരുന്നു എപ്പോഴും അയാളുടെ ചിന്ത. അതുകൊണ്ടുതന്നെയാകണം അയാൾ അലസനായതും അധ്വാനിക്കാൻ മടിച്ചതും.

അധ്വാനിക്കാൻ മടിച്ചപ്പോൾ അയാൾ പട്ടിണിയിലായി. അപ്പോൾ വിശപ്പകറ്റാനുള്ള എളുപ്പവഴികൾ അയാൾ അന്വേഷിച്ചു. അങ്ങനെയാണ് അടുത്തകണ്ട ആപ്പിൾതോട്ടത്തിൽ കയറി ആപ്പിൾ മോഷ്ടിക്കാൻ അയാൾ ശ്രമിച്ചത്. പക്ഷേ ആപ്പിൾ മോഷ്ടിക്കുന്നതിനു മുൻപ് അയാൾ ആട്ടിയോടിക്കപ്പെട്ടു.

അങ്ങനെയാണ് സമീപപ്രദേശത്തുള്ള വനത്തിൽ അയാൾ അഭയം പ്രാപിച്ചത്. അവിടെ കണ്ട കാട്ടുചെടികളുടെ പഴങ്ങൾ പറിച്ചെടുത്തു വിശപ്പടക്കാൻ ശ്രമിക്കുമ്പോൾ അയാൾ ഒരു കുറുക്കനെ കണ്ടു. രണ്ടു കാലുകൾ നഷ്ടപ്പെട്ടതുമൂലം നടക്കാൻ കഷ്ടപ്പെടുന്ന ഒരു കുറുക്കനായിരുന്നു അത്.

രണ്ടു കാലുകൾ നഷ്ടപ്പെട്ട ഈ കുറുക്കൻ എങ്ങനെയാണ് അതിനു തീറ്റ കണ്ടെത്തുക? ഇങ്ങനെ ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ ഒരു അത്ഭുത ക്കാഴ്ച കണ്ടു.

അകലെനിന്ന് ഒരു സിംഹം കുറുക്കന്റെ അടുത്തേക്കു നടന്നുവരുന്ന കാഴ്ചയായിരുന്നു അയാൾ കണ്ടത്. സിംഹത്തെ കണ്ട ഉടനെ പ്രാണരക്ഷാർത്ഥം അയാൾ അടുത്തു നിന്ന ഒരു മരത്തിൽ വലിഞ്ഞുകയറി. ആ സമയം സിംഹം കുറുക്കന്റെ അരികിലെത്തി തന്റെ വായിലിരുന്ന വലിയൊരു ഇറച്ചിക്കഷണം കുറുക്കനു കൊടുത്തു.

സിംഹം നൽകിയ ഇറച്ചിക്കഷണം കുറുക്കൻ രുചിയോടെ ആസ്വദിക്കുമ്പോൾ ദൈവത്തിന്റെ വഴികളോർത്ത് അയാൾ അതിശയിച്ചു. ഇരതേടാൻ പറ്റാത്ത കുറുക്കന് സിംഹം വഴി തീറ്റ എത്തിച്ചതു ദൈവംതന്നെ. അങ്ങനെയെങ്കിൽ വിശപ്പനുഭവിക്കുന്ന എനിക്കും എവിടെ നിന്നെങ്കിലും ദൈവം ഭക്ഷണം എത്തിക്കാതിരിക്കില്ല. ഇമ്മാതിരി ചിന്തകളുമായി സിംഹം അവിടെ നിന്നു പോകാൻ അയാൾ കാത്തിരുന്നു.

കുറുക്കനു തീറ്റ നൽകി സിംഹം മടങ്ങിയപ്പോൾ അയാൾ മരത്തിൽ നിന്നിറങ്ങി വീണ്ടും ഗ്രാമത്തിലെത്തി. ഇത്തവണ അയാൾ മോഷണത്തിനു പോയില്ല. അതിനു പകരം പെരുവഴിയിൽ ഭിക്ഷ യാചിച്ചിരുന്നു. പക്ഷേ രണ്ടുദിവസം കാത്തിരുന്നിട്ടും ആരും അയാൾക്കു ഭിക്ഷ നൽകിയില്ല. അയാൾ ആകെപ്പാടെ വിശന്നു വലഞ്ഞു.

അപ്പോഴാണ് ഒരു സന്യാസി ആ വഴി വരുന്നതു കണ്ടത്. ഉടനെ അയാൾ സന്യാസിയോടു ഭക്ഷണം ചോദിച്ചു. സന്യാസിയുടെ കൈവശം ഒരു ഭക്ഷണപ്പൊതിയുണ്ടായിരുന്നു. സന്യാസി അത് അയാൾക്കു കൊടുത്തു.

അയാൾ ഭക്ഷണം കഴിക്കുന്നതു സന്യാസി നോക്കിനിൽക്കുമ്പോൾ അയാൾ സാവധാനം തന്റെ കഥ സന്യാസിയോടു വിവരിച്ചു. അതിനുശേഷം അയാൾ സന്യാസിയോടു ചോദിച്ചു, "പ്രഭോ, ദൈവത്തിന്റെ പരിപാലനം ഞാൻ കണ്ടു. കാലുകൾ നഷ്ടപ്പെട്ട കുറുക്കനു ഭക്ഷണം എത്തിച്ചതു സിംഹമായിരുന്നു. സിംഹം അതു ചെയ്തതാകട്ടെ ദൈവം തോന്നിച്ചതുകൊണ്ടും. കുറുക്കനോട് ഇതുപോലെ കരുണ കാണിച്ച ദൈവം എന്തുകൊണ്ടാണ് എന്നോടു കരുണ കാണിക്കാതിരുന്നത്?"

അപ്പോൾ ഒരു ചെറുപുഞ്ചിരിയോടെ സന്യാസി പറഞ്ഞു, "ദൈവത്തിന്റെ പരിപാലനയിൽ എല്ലാവരെക്കുറിച്ചും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. അതുപോലെ നിന്നെക്കുറിച്ചും ഒരു പദ്ധതിയുണ്ട്. എന്നാൽ, നിന്നെക്കുറിച്ചുള്ള പ്ലാനിന്റെ ഭാഗമായി ദൈവം നിനക്കുതന്ന അടയാളം നീ തെറ്റായി വ്യാഖ്യാനിച്ചു. അതാണ് നിന്റെ പ്രശ്നം."

സന്യാസി പറയുന്നത് എന്താണെന്നു മനസിലാക്കാതെ അയാൾ അങ്ങനെ അന്തംവിട്ടു നിൽക്കുമ്പോൾ സന്യാസി പറഞ്ഞു, "നീ കണ്ട കുറുക്കനെപ്പോലെ നീ ആകണമെന്നല്ല ദൈവം ആഗ്രഹിക്കുന്നത്, നേരെമറിച്ച് നീ കണ്ട സിംഹത്തെപ്പോലെ നീ ആകണമെന്നാണ് ദൈവം നിന്നിൽനിന്ന് ആഗ്രഹിക്കുന്നത്.

നാം എല്ലാവരെയും സംബന്ധിച്ചിടത്തോളം ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്നു നമുക്കറിയാം. എന്നാൽ, ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി മനസിലാക്കി അതനുസരിച്ചു പ്രവർത്തിക്കുന്നതിൽ നാം വിജയിക്കുന്നുണ്ടോ എന്നു സംശയിക്കണം. കാരണം, നമ്മിൽ പലരും പലപ്പോഴും പ്രവർത്തിക്കുന്നത് മുകളിൽ കൊടുത്തിരിക്കുന്ന കഥയിലെ അലസനായ മനുഷ്യനു തുല്യമായിട്ടാണ്.

സന്യാസി ഓർമിപ്പിച്ചതുപോലെ കാല് നഷ്ടപ്പെട്ട കുറുക്കനു സമാനമായി ജീവിക്കേണ്ടവനായിരുന്നില്ല അയാൾ. നേരെമറിച്ച് കുറുക്കനെ പോറ്റിയ സിംഹത്തെപ്പോലെ ആയിത്തീരണമെന്നതായിരുന്നു ദൈവത്തിന് അയാളെക്കുറിച്ചുള്ള പദ്ധതി. എന്നാൽ, അതു മനസിലാക്കുന്നതിൽ അയാൾ ദയനീയമായി പരാജയപ്പെട്ടു.

ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും കുറുക്കുവഴികൾ മാത്രം അന്വേഷിക്കുന്നവരാണ് നാമെങ്കിൽ നാം മുകളിലത്തെ കഥയിലെ അലസനായ മനുഷ്യനു തുല്യരായിരിക്കും. എന്നാൽ, ജീവിതത്തിലെ വിവിധ ഉത്തരവാദിത്തങ്ങൾ തന്റേടപൂർവം ഏറ്റെടുത്തു പ്രവർത്തിക്കുന്നവരാണ് നാമെങ്കിൽ നാം മുകളിൽ കൊടുത്തിരിക്കുന്ന കഥയിലെ സിംഹത്തിന് തുല്യരായി മാറുകയും ചെയ്യും.

നമ്മുടെ ജീവിതത്തിൽ ദൈവം കാണിച്ചുതരുന്ന അടയാളങ്ങൾ ശരിയായി മനസിലാക്കി എപ്പോഴും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ നമുക്ക് ശ്രമിക്കാം. അപ്പോൾ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി പൂർണമായി നടപ്പാക്കുന്നതിന് ദൈവം നമുക്ക് കൃപ നൽകും.



പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജനിച്ച ഒരു മനുഷ്യൻ എങ്ങനെയാണ് ദൈവമാകുന്നത്? ദൈവത്തിന് ജനനവും മരണവും ഇല്ലാതിരിക്കെ യേശുവിന് ഇത് രണ്ടും ഉണ്ടായതായി ബൈബിൾ പറയുന്നുണ്ടല്ലോ. ബൈബിളിൽ യേശു ദൈവപുത്രനും മനുഷ്യപുത്രനും മാത്രമാണല്ലോ. എന്നിട്ടും ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായി അംഗീകരിക്കുന്നത് അബദ്ധവും ബൈബിൾ നിഷേധവുമല്ലേ.***

അബ്ദുൾലത്തീഫ്, എടരിക്കോട്, മലപ്പുറം

തുടർച്ച... ❷

ദൈവം തന്റെ ജനവുമായി ചെയ്ത ഉടമ്പടിയുടെ മധ്യസ്ഥനായ മോശയെപ്പോലെ ഒരു പ്രവാചകനായിരിക്കും അവൻ. ആവ. 18:18 (ബി.സി. 1500). (മോശയ്ക്കുശേഷം സ്നാപക യോഹന്നാൻ വരെയുള്ള പ്രവാചകന്മാരെല്ലാവരും യഹോവയായ ദൈവം മോശെ മുഖാന്തിരം തന്റെ ജനവുമായി ചെയ്ത ഉടമ്പടിയുടെ പ്രചാരകർ മാത്രമായിരുന്നു. ഈ പ്രചാരകന്മാർ ആരിലൂടെയും ദൈവം പുതിയ ഒരു ഉടമ്പടി സ്ഥാപിച്ചിട്ടില്ല. അതുകൊണ്ടുതന്നെ “മോശയെപ്പോലെയുള്ള പ്രവാചകൻ” എന്ന പദവി ലഭിക്കണമെങ്കിൽ, വാഗ്ദത്ത സന്തതി പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായിരിക്കണം!)

- ഈ വാഗ്ദത്ത സന്തതി യിസ്രായേലിന്റെ രാജാവായിരിക്കും (സെഖ.6:12,13, 9:9, ബി.സി. 516)
- വരുവാനിരിക്കുന്ന സന്തതി ‘രാജാവും പ്രവാചകനും’ മാത്രമല്ല, പുരോഹിതനുമായിരിക്കും. സെഖ. 6:13 (ബി.സി.516), സങ്കീ. 110:4 (ബി. സി. 1000)
- അവൻ യഹോവയുടെ ദാസൻ കൂടിയായിരിക്കും (യെശ. 42:1-4)
- ഈ ദാസന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് വിരൂപമാക്കപ്പെടും (യെശ. 52:14, ബി. സി. 740-688).
- നമ്മുടെ അകൃത്യത്തിനും അതിക്രമത്തിനും പകരമായിട്ടായിരിക്കും അവൻ ശിക്ഷിക്കപ്പെടുന്നത് (യെശ. 53:5, ബി. സി. 740-688)
- അനേകരുടെ പാപം വഹിച്ചുകൊണ്ട് അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളയും (യെശ. 53:12, ബി.സി. 740-688)
- തന്നെത്താൻ താഴ്ത്തി വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെടും. (യെശ. 53:7, ബി. സി. 740-688)
- അവൻ എളിയവരോട് സദ്‌വർത്തമാനം ഘോഷിക്കും. (യെശ. 61:1, ബി. സി. 740-688)
- യഹോവയുടെ ആത്മാവ് അവന്റെമേൽ ഉണ്ടായിരിക്കും (യെശ. 61:1, ബി. സി. 740-688)
- അവൻ തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് അവന് വഴിയൊരുക്കുവാൻ മറ്റൊരാൾ വരും (യെശ. 40:3, ബി.സി. 740-688) (മലാ. 3:1, ബി. സി. 500-450)
- അവൻ ഉപമയിലൂടെ ജനത്തോട് സംസാരിക്കും (സങ്കീ. 78:2, ബി.സി.1000)
- അവൻ കഴുതപ്പുറത്തും കഴുതക്കുട്ടിയുടെ പുറത്തും കയറി സിയോൻ നഗരത്തിലേക്ക് പ്രവേശിക്കും (സെഖ. 9:9, ബി.സി. 516)
- അവൻ മരിക്കുന്നത് കൈകാലുകൾ തുളയ്ക്കപ്പെട്ടായിരിക്കും (സങ്കീ. 22:16, ബി.സി. 1000)
- അവന്റെ മരണത്തിൽ അവന്റെ വസ്ത്രം പങ്കിടപ്പെടും, അവന്റെ അങ്കിക്കായി അവർ ചീട്ടിടും (സങ്കീ. 22:18).
- അവന്റെ കൂടെയുള്ളയാൾ അവനെ വഞ്ചിക്കും (സങ്കീ. 41:9, ബി. സി. 1000)
- അവൻ മരിച്ചാലും ഉയിർത്തെഴുന്നേൽക്കും (സങ്കീ. 16:10, ബി.സി.1000)



ബൈബിളിൽ ഈ വിശുദ്ധ ഗ്രന്ഥപ്പറ്റി ധാരാളം കാര്യങ്ങൾ പ്രവചനമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലപരിമിതി മൂലം അവയെല്ലാം വിശദീകരിപ്പാൻ സാധിക്കുന്നില്ല...

ഈ പ്രവചനങ്ങളുടെ പൂർത്തീകരണമായിക്കൊണ്ട് കുറെനിയോസ് സുറിയാ നാടിന്റെ ഗവർണ്ണറും അഗസ്റ്റസ് കൈസർ റോമാ ചക്രവർത്തിയും ആയിരിക്കുന്ന കാലത്ത് ദാവീദിന്റെ സന്തതിപരമ്പരയിലുള്ള യോസേഫ് എന്ന പുരുഷന് വിവാഹ നിശ്ചയം ചെയ്യപ്പെട്ടിരുന്ന മറിയ എന്ന് പേരായ കന്യകയിൽ നിന്ന് യെഹൂദ്യാ ദേശത്തിലെ ബേത്‌ലഹേം എഫ്രാത്തയിൽ വെച്ച് യേശുക്രിസ്തു ഭൂജാതനായി (ലൂക്കോ. 2:1-7). പിന്നീട് 30 വർഷങ്ങൾക്കു ശേഷം തീബെർയ്യൊസ് കൈസരുടെ വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ പൊന്തിയൊസ് പീലാത്തൊസ് യെഹൂദ്യനാടു വാഴുമ്പോൾ, ഹെരോദാവു ഗലീലയിലും അവന്റെ സഹോദരനായ ഫിലിപ്പോസ് ഇതുര്യ-ത്രഖോനിത്തി ദേശങ്ങളിലും ലുസാന്യാസ് അബിലേനയിലും ഇടപ്രഭുക്കന്മാരായും ഹന്നാവും കയ്യഫാവും മഹാപുരോഹിതന്മാരായും ഇരിക്കും കാലത്ത് (ലൂക്കോ. 3:1,2). യേശുക്രിസ്തു സെഖര്യാ പുരോഹിതന്റെ മകനായ യോഹന്നാന്റെ കൈക്കീഴിൽ യോർദ്ദാൻ നദിയിൽ വെച്ച് സ്നാനം സ്വീകരിച്ചു (മത്താ. 3:13-15). പഴയനിയമത്തിലെ അവസാനത്തെ പ്രവാചകനായ യോഹന്നാന്റെ സാക്ഷ്യത്തോടുകൂടെ യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചു. (തുടരും)

## ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കാൻ പാടില്ലെന്നും ഭരണഘടനയിൽ മതപ്രചാരണ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല എന്നുമുള്ള വാദത്തിനുള്ള മറുപടി

തുടർച്ച ❸

### കൈമാറാനുള്ള അവകാശം

മതസ്വാതന്ത്ര്യം പൂർണമാകണമെങ്കിൽ മതവിശ്വാസം പ്രചരിപ്പിക്കാനുള്ള അവകാശം അതോടൊപ്പമുണ്ടാകണം. അതുകൊണ്ടുതന്നെ എല്ലാ മതവിഭാഗങ്ങളും തങ്ങളുടെ വിശ്വാസം മറ്റുള്ളവർക്കു പകരാൻ സ്വാഭാവികമായും ശ്രമിക്കുന്നു. ഒരു പരിധിയോളം ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ കാര്യമാണിത്. പക്ഷേ ഇന്നു പലർക്കും ഈ വസ്തുത അത്ര ദഹിക്കുന്നില്ല. തിരിച്ചറിയുകയും ആശ്ലേഷിക്കുകയും ചെയ്യുന്ന സത്യം മറ്റുള്ളവരോടു പങ്കുവയ്ക്കുന്നതിൽ എന്ത് അനൗചിത്യമാണുള്ളത്? ശാസ്ത്രജ്ഞരും തത്ത്വചിന്തകരും സാമൂഹിക സേവകരും ഇതല്ലേ ചെയ്യുന്നത്? ആശയങ്ങളും പ്രയോഗരീതികളും പ്രചരിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട്.


THE CONSTITUTION OF INDIA

WE THE PEOPLE OF INDIA having solemnly resolved to constitute India into a SOVEREIGN DEMOCRATIC REPUBLIC and to secure to all it's citizens

JUSTICE
social, economic and political

LIBERTY
of thought, expression, belief, faith and worship

EQUALITY
of status and of opportunity and to promote among them all

FRATERNITY
assuring the dignity of the individual and the unit and integrity of the Nation

In our constituent assembly this twenty-sixth day of November 1949, do hereby adopt, enact and give to ourselves this constitution.

ജനാധിപത്യക്രമം ദീക്ഷിക്കുന്ന ഒരു രാജ്യത്ത് മതവിശ്വാസം പ്രചരിപ്പിക്കാൻ പാടില്ല എന്ന നിലപാടിൽ കുറെ പൊരുത്തക്കേടുകളില്ലേ? തലമുറകളായി തങ്ങൾ ഉറച്ചു വിശ്വസിക്കുന്ന മതവിശ്വാസം ജീവിതസാക്ഷാത്കാരത്തിന് അനുപേക്ഷണീയമെന്നു കരുതുന്നവർ ആ വിചാരം മറ്റുള്ളവരോടു പറയുന്നതിൽ എന്താണ് തെറ്റ്. ഇപ്രകാരം വിനിമയം ചെയ്യപ്പെടുന്ന മതവിചാരങ്ങൾ ഇന്നലത്തെ മഴയ്ക്കു കിളിർത്ത തകരയല്ല. നൂറ്റാണ്ടുകളുടെ പുരാതനത്വമാണ് അവയുടെ ഗരിമ. ആദിമുതലേ മാനവവംശത്തെ ധാർമികബോധത്തിലും സംഘാതത്വത്തിലും നിലനിർത്തിയതും ഇതേ മതവിശ്വാസങ്ങൾതന്നെ. അതുകൊണ്ട് അവയെല്ലാം സനാതനമാണ്, ചിരം നിലനില്ക്കേണ്ടവയാണ്.

### മതപരിവർത്തനം പാടില്ലെന്നോ?

മതപ്രചാരണം എന്തിനാണ് നാം നടത്തുന്നത്? മറ്റുള്ളവർക്കു സംലഭ്യമാകാൻ. അപ്പോൾ പ്രചാരണത്തെത്തുടർന്ന് അവ സ്വീകരിക്കാൻ ആളുകൾ മുന്നോട്ടുവരും. അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ സ്വീകരിക്കാനും നിരാകരിക്കാനും ശ്രോതാവിനു സ്വാതന്ത്ര്യമുണ്ട്. ഭരണഘടനയുടെ അന്തസ്സത്തയനുസരിച്ച് ഏതെങ്കിലുമൊരാശയം ആരും സ്വീകരിക്കരുതെന്ന് പറയാൻ ഒരു സർക്കാരിനും അവകാശമില്ല.

ആശയപ്രചാരകരുടെ വാക്കുകൾ മാത്രം കേട്ട് ആരെങ്കിലും മനംമാറ്റത്തിനു വിധേയരാകുമോ? സത്യാന്വേഷികളെ ആകർഷിക്കുന്നതു വാക്കുകളേക്കാൾ ജീവിതാനുഭവങ്ങളാണ്.

ആത്മാർത്ഥമായ സത്യന്വേഷണത്തിന്റെ ഫലമായി ഒരാൾ കണ്ടെത്തുന്ന പുതിയ വിശ്വാസസംഹിതകൾ സ്വാംശീകരിക്കാനും അതേ വിശ്വാസ സമൂഹത്തിൽ ചേർന്ന് ജീവിതം നയിക്കാനും അയാൾക്കു മൗലികാവകാശമുണ്ട്.

ഒരു മതവിശ്വാസത്തെ പൂർണമായി സ്വീകരിച്ചാൽ ആ മതസമൂഹത്തിന്റെ അംഗമായിത്തീരുക സ്വാഭാവികമല്ലേ? ഇത് വിശ്വാസജീവിതത്തിന്റെ വളർച്ചയ്ക്ക് അത്യാവശ്യവുമാണ്. ഇതുതന്നെയാണ് “മതപരിവർത്തനം” എന്ന പദത്തിന്റെ സൂചിതപരിസരം. ഭരണഘടനാദത്തമായ ഈ മൗലികാവകാശത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതു തികഞ്ഞ ഭരണഘടനാലംഘനമാണ്.

മതംമാറ്റം നിഷിദ്ധമാണെന്ന നിലപാടിലാണ് ഇന്നു തീവ്രഹിന്ദുത്വവാദികൾ. എല്ലാ മതം മാറ്റങ്ങളും തെറ്റായ മാർഗത്തിലൂടെയാണെന്ന് അവർ പറഞ്ഞു പ്രചരിപ്പിക്കുന്നു. അപ്രകാരമൊരു സാഹചര്യത്തിലാണ് മതപരിവർത്തനനിരോധനം (Anti-Conversion) പോലുള്ള നിയമങ്ങൾ ചില സംസ്ഥാനങ്ങൾ പ്രാബല്യത്തിൽ വരുത്തിയത്. എല്ലാ മതംമാറ്റങ്ങളിലും നിയമലംഘനം ചുമത്തി കേസുകളുണ്ടാക്കുക, ഇതര മതസ്ഥരെ കുരുക്കിലാക്കുക തുടങ്ങിയവയാണ് അവരുടെ ലക്ഷ്യം.

### മനഃസാക്ഷി സ്വാതന്ത്ര്യം പരമപ്രധാനം

മതസ്വാതന്ത്ര്യം അടിസ്ഥാനപരമായി മൗലികാവകാശമാണ്. അതു മതപ്രചരണത്തിനുള്ള അവകാശം ഉൾക്കൊള്ളുന്നു. സത്യാന്വേഷണ ഫലമായി ഒരാൾ എത്തപ്പെടുന്ന വിശ്വാസ സംഹിത സ്വീകരിക്കുന്നതിനോ അതുൾക്കൊള്ളുന്ന മതവിഭാഗത്തിൽ അംഗമാകുന്നതിനോ ഒരു വ്യക്തിക്കുള്ള സ്വാതന്ത്ര്യം ആർക്കും ഹനിക്കാനാവില്ല. ഭരണഘടന നൽകുന്ന മഹിതമായ ദർശനം ഉൾക്കൊള്ളുന്നതാണ് ഉചിതം. അതിനെ അട്ടിമറിക്കാനുള്ള നിയമനിർമാണങ്ങൾക്കെതിരെ ജനാധിപത്യബോധമുള്ളവർ ശക്തമായി നിലയുറപ്പിക്കണം.

ഭാരതത്തിന്റെ ഭരണഘടന മതപരിവർത്തനത്തിന് എതിരല്ല. എന്നാൽ അതിന് തെറ്റായ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ പാടില്ലായെന്നുമാത്രം. പൂർണ മതസ്വാതന്ത്ര്യമാണ് നാടിനു ഗുണകരം. മനഃസാക്ഷിസ്വാതന്ത്ര്യം നിഷേധിക്കാൻ ഒരു ശക്തിയെയും അനുവദിച്ചുകൂടാ.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2018-2020
Posted on 15, 20 February 2018
at RMS Kayamkulam
Published on Ist February 2018
RNI Registered No. KERMAL/2002/7361

# ദുഃഖം, വിഷാദം, നിരാശ

അമേരിക്കക്കാരനായ റോക്ക് ഫെല്ലർ ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യന്മാരിൽ ഒരാളായിരുന്നു. അദ്ദേഹം ഒരു ദിവസം പതിവു സവാരിയ്ക്കായി ഇറങ്ങിയപ്പോൾ ആരോഗ്യവാനായ ഒരു യുവാവ് ആത്മഹത്യയ്ക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. റോക്ഫെല്ലർ ആ ചെറുപ്പക്കാരനെ തടഞ്ഞുകൊണ്ട്, യുവാവേ! നീയെന്തിനാണ് നിന്റെ പ്രാണൻ ത്യജിക്കാൻ ശ്രമിക്കുന്നത് എന്നു ചോദിച്ചു.

അപ്പോൾ ആ യുവാവ്, സാറേ, എനിക്കു നല്ല വിദ്യാഭ്യാസമുണ്ട്. പക്ഷേ, എന്റെ പഠിപ്പിനനുസരിച്ച ജോലി കിട്ടിയില്ല, അതുകൊണ്ട്, ആവശ്യത്തിന് ശമ്പളം കിട്ടുന്നില്ല, ആ വെറുപ്പു കൊണ്ടാണ് ഞാൻ ആത്മഹത്യയ്ക്കൊരുങ്ങുന്നത്. യുവാവ് അദ്ദേഹത്തോടു ചോദിച്ചു: ആട്ടെ, എന്നെ തടുക്കുന്ന താങ്കൾ ആരാണ്?



റോക്ക്ഫെല്ലർ താൻ ആരാണെന്നു ആ യുവാവിനോട് പറഞ്ഞു.

അപ്പോൾ യുവാവ്: താങ്കൾ വലിയ ധനവാനാണ്. അതുകൊണ്ട് സന്തോഷത്തിനൊരു കുറവുമില്ല. നിങ്ങളുടെ സ്വത്തെല്ലാം എനിക്കു തന്നാൽ ഞാനും അങ്ങയെപ്പോലെ സന്തുഷ്ടനായിരിക്കും. അപ്പോൾ എനിക്ക് ആത്മഹത്യയെപ്പറ്റി ചിന്തിക്കേണ്ട ആവശ്യമില്ല. താങ്കളുടെ സ്വത്തുമുഴുവൻ എനിക്കു തരാൻ പറ്റുമോ? എന്നു ചോദിച്ചു.

നീ പറഞ്ഞപ്രകാരം സ്വത്തുമുഴുവൻ നിനക്കു തരാൻ എനിക്കു വിരോധമില്ല. പക്ഷേ, അതിനുപകരം ഞാൻ ചോദിക്കുന്നതു നിനക്കു തരാൻ സമ്മതമാണോ? റോക്ക്ഫെല്ലർ പറഞ്ഞതു സമ്മതിച്ച യുവാവ് അദ്ദേഹത്തോടു ചോദിച്ചു: 'ലോകത്തിലെ ഏറ്റവും വലിയ ഒരു കോടീശ്വരനായ അങ്ങേയ്ക്കു തരാൻ തക്കവണ്ണം ഈ ദരിദ്രന്റെ കൈയിൽ എന്താണുള്ളത്?'

'നിന്റെ കൈയിലുള്ള വിലമതിക്കാൻ പറ്റാത്ത യൗവനം എനിക്കു തരാമെങ്കിൽ, എന്റെ സ്വത്തുമുഴുവൻ നിനക്കു തരാം.' യൗവനത്തിന്റെ മഹത്വം ആ യുവാവിനു ബോധ്യപ്പെടുത്തുകയായിരുന്നു റോക്ക് ഫെല്ലർ.

മാത്രമല്ല, ആ യുവാവിന് അദ്ദേഹം വിദ്യാഭ്യാസത്തിന് അനുസരിച്ചുള്ള ജോലിയും നൽകി.

പലപ്പോഴും നമ്മുടെ ദുഃഖങ്ങൾക്കു കാരണം അനാവശ്യമായ ചിന്തകളാണ്. ദൈവം നൽകിയിട്ടുള്ള നന്മകളും അനുഗ്രഹങ്ങളും നാം കാണാതെ പോകുന്നു. നമ്മുടെ ശക്തി മനസിലാക്കുന്നതിന് പകരം മറ്റുള്ളവരുമായി താരതമ്യം ചെയ്ത് ഇല്ലാത്ത കാര്യങ്ങൾ ഓർത്ത് ദുഃഖിക്കുന്നു. ബൈബിളിലെ സങ്കീർത്തനങ്ങളിൽ ഇങ്ങനെ ഒരു വചനമുണ്ട്:

എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നത് എന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക. നമ്മുടെ ദുഃഖങ്ങളുടെയും പ്രശ്നങ്ങളുടെയും ആഴത്തിലേക്ക് ഇറങ്ങിച്ചെന്ന്, അതിന്റെ കാരണം എന്തെന്ന് ആരായുന്നത് ആവശ്യമാണ്.

യഥാർത്ഥത്തിൽ വിഷാദത്തിന്റെ അടിസ്ഥാന കാരണം നമ്മുടെ സാഹചര്യമല്ല; അത് നാം തന്നെയാണ്. അതുകൊണ്ട് പരിഹാരം നമ്മിൽ തന്നെയാണ് ഉണ്ടാകേണ്ടത്. നമ്മുടെ സാഹചര്യം നമുക്ക് മാറ്റാൻ കഴിയുന്നതിന് അപ്പുറമായിരിക്കാം. എന്നാൽ നമ്മുടെ ആത്മാവിൽ ഒരു മാറ്റം കൊണ്ടുവന്ന് അതിന് ഒരു പോംവഴി ഉണ്ടാക്കുവാൻ നമുക്കു സാധിക്കും.

ഇവിടെ സങ്കീർത്തന രചയിതാവ് തന്റെ ആത്മാവിനോടു പ്രസക്തമായ ഒരു ചോദ്യം തൊടുത്തു വിടുകയാണ്. തന്റെ ദുഃഖത്തിന്റെ കാരണം അവൻ കണ്ടെത്തി. അത് തന്റെ സാഹചര്യത്തിന്റെ ഭീകരതയോ തനിക്കു ചുറ്റും തന്നെ ആവരണം ചെയ്തു നിൽക്കുന്ന അന്ധകാരമോ അല്ലായിരുന്നു. മറിച്ച് അവന് ദൈവിക ആശ്രയവും കാഴ്ചപ്പാടും നഷ്ടപ്പെട്ടതായിരുന്നു പ്രശ്നം.

നമ്മുടെ ദുഃഖസാഹചര്യങ്ങളിലേക്ക് നാം ദൈവത്തെ ക്ഷണിച്ചുകൊണ്ടു വരികയും, നമ്മുടെ കണ്ണ് അവിടെ അവനെ കാണുകയും ചെയ്യുമെങ്കിൽ നമ്മുടെ വിഷാദം പമ്പ കടക്കും. അവന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും അവന്റെ വലത്തുഭാഗത്ത് എന്നു പ്രമോദങ്ങളുമുണ്ട് എന്ന് ദാവീദ് രാജാവ് പാടുന്നു.

ദൈവം നമ്മുടെ കാഴ്ചപ്പാടിൽ നിന്ന് മറയുമ്പോൾ ദൈവവുമായി നമ്മുടെ ബന്ധം നഷ്ടപ്പെടുമ്പോൾ, നമ്മുടെ ആത്മാവ് വിഷാദത്തിലേക്കും ദുഃഖത്തിലേക്കും നിരാശയിലേക്കും കൂപ്പുകുത്തും.

സർവശക്തനായ ദൈവം സകല ദുഃഖവും അകറ്റുവാനും ആത്മാവിൽ സന്തോഷം പകരുവാനും മതിയായവനെന്ന് ഓർക്കുക. ദൈവം നിങ്ങൾക്കു നൽകിയ സാഹചര്യം, ആരോഗ്യം, വിദ്യാഭ്യാസം, സുഹൃത്ബന്ധങ്ങൾ, സാധ്യതകൾ ഇവ കാണുക. മറ്റുള്ളവരെ നോക്കി അസൂയപ്പെടുകയോ സങ്കടപ്പെടുകയോ ചെയ്യാതെ ദൈവത്തിൽ ആശ്രയിക്കുക. ഈ ഭൂമിയിൽ സന്തോഷത്തോടെ ജീവിക്കുവാൻ നിങ്ങൾക്കും ഒരു ഇടം ഉണ്ട് എന്നു ചിന്തിക്കുക. ആവശ്യമുള്ളതെല്ലാം നൽകുന്ന ദൈവത്തിൽ പ്രത്യാശ അർപ്പിച്ചാൽ നിങ്ങളുടെ ദുഃഖം മാറും. നിങ്ങളുടെ ഉള്ളം സമാധാനം കൊണ്ടു നിറയും.




☺ ദൈവ വിശ്വാസിയേയും അവിശ്വാസിയേയും തമ്മിൽ താരതമ്യം ചെയ്താൽ.

മോനി ശാമുവേൽ, വെള്ളൂർ, പാമ്പാടി, കോട്ടയം

**☹വിശ്വാസിയെ ദൈവം രക്ഷിക്കും. അവിശ്വാസിയെ ചെകുത്താൻ ചതിക്കും.**

☺കുരയ്ക്കുന്ന പട്ടി കടിയ്ക്കില്ലെന്നാണ്. പക്ഷെ ഞങ്ങളുടെ പട്ടി കുരയ്ക്കുകയും കടിയ്ക്കുകയും ചെയ്യും.

ഷീബ അലക്സ്, പള്ളത്ത്, മുളക്കുഴ,ചെങ്ങന്നൂർ

**☹അത് വീട്ടിലുള്ളവരുടെ സ്വഭാവം അനുകരിക്കുന്നതാണ്.**

☺അത്ഭുതദാസന്മാരുടെ അത്ഭുത രഹസ്യം.

ഓമന ബേബി, ഒഴുവൻപാറ, കാരിക്കുളം, റാന്നി

**☹ ചെകുത്താന്റെ ചിലവിൽ ദാസന്റെ അഴിഞ്ഞാട്ടം**

☺ സാത്താന്റെ കരങ്ങൾക്ക് ബലം കുറവാണെങ്കിലും സാത്താനു മുമ്പിൽ വിശ്വാസി തളർന്നുപോകുന്നതിനു കാരണം.

ഏലിയാമ്മ ഈശോ, തുവയൂർ, കടമ്പനാട്, പത്തനംതിട്ട

**☹ഉടമസ്ഥാവകാശം സാത്താന്റെ കയ്യിലാണെന്നറിയുന്നതുകൊണ്ട്.**

☺ വായനക്കാരുടെ ആദരം ഏറ്റുവാങ്ങി അറിവും കഴിവും അംഗീകരിക്കപ്പെടുമ്പോൾ താങ്കൾക്കുണ്ടാകുന്ന വികാരം.

ലീല ഫിലിപ്പ്, വലിയകണ്ടം, കുമളി, ഇടുക്കി

**☹സങ്കടവും ഇല്ലായ്മകളും മറക്കുന്നു.**

☺ ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നിരിക്കെ എന്തുകൊണ്ട് താങ്കൾ അതിൽനിന്ന് ഒഴിഞ്ഞുമാറുന്നു.

സാലി ഉമ്മൻ, പൂവം, പള്ളിവയൽ, കണ്ണൂർ

**☹ പ്രശ്നപരിഹാരത്തോടെ ഇലയും മുള്ളും ഒന്നാകും. അവസാനം എന്റെ തടി കേടാകും.**

☺ ജീവിതത്തിൽ നിരാശ തോന്നുന്നത് എന്തുകൊണ്ട്.

ലില്ലിജോൺ, മഠത്തിക്കോണം, കാട്ടാക്കട, തിരുവനന്തപുരം

**☹ആശ തോന്നുന്നതുകൊണ്ട്**

## ഇങ്ങനെയും ഒരു കാലം 6
## സൂക്ഷിച്ചോ! യൂറോപ്പ് പിടിക്കും!

മാർത്താണ്ഡവർമ്മ വേണാട് ഭരിച്ചകാലം. കായംകുളം രാജ്യം ആക്രമിച്ച് വേണാടിനോടു ചേർക്കാൻ അദ്ദേഹം നിശ്ചയിച്ചപ്പോൾ ഡച്ചുകാർ തടഞ്ഞു. ഡച്ച് ഗവർണറോട് രാജാവ് പറഞ്ഞത് ഇങ്ങനെ:

"ഞങ്ങൾ ഇവിടത്തെ മുക്കുവന്മാരുമായി വള്ളങ്ങളിൽ വന്ന് യൂറോപ്പ് ആക്രമിക്കണമെന്നു വിചാരിക്കുകയാണ്!"

ഇതുകേട്ട് കോപിച്ച ഡച്ചുകാർ യുദ്ധം പ്രഖ്യാപിച്ചു. കുളച്ചൽ യുദ്ധം എന്നു പ്രസിദ്ധമായ ഈ പോരിൽ ഡച്ചുകാർ തോറ്റു. ഡച്ച് കപ്പിത്താനായ ഡിലനായിയെ മാർത്താണ്ഡവർമ്മ പിടികൂടി. ഒരു നാട്ടുരാജാവ് ഒരു യൂറോപ്യൻ സേനാനായകനെ ചരിത്രത്തിലാദ്യമായി കീഴടക്കുകയായിരുന്നു. യൂറോപ്യന്മാരെ പേടിയില്ലെന്ന് മഹാരാജാവ് പറഞ്ഞത് വെറുതേയായില്ല.

വാളും കുന്തവുമായി മാത്രം യുദ്ധം ചെയ്തിരുന്ന മലയാളി ഭടന്മാരെ തോക്ക് എന്ന അത്ഭുത വസ്തു ഉപയോഗിക്കാൻ പഠിപ്പിച്ചത് 'വലിയ കപ്പിത്താൻ' എന്നു പേരെടുത്ത ഡിലനായിയായിരുന്നു. (തുടരും)






Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew